**അടിയന്തരപ്രമേയം**

ബാർ കോഴക്കേസ്

മി. ഡെപ്യൂട്ടി സ്പീക്കർ: ബാർ ഉടമകളിൽ നിന്നും കോഴ വാങ്ങിയ കേസിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. പ്രകാരം കുറ്റപത്രം ഉടൻ കോടതിയിൽ സമർപ്പിക്കുമെന്ന് വിജിലൻസ് ഡയറക്ടർ പ്രസ്താവിച്ചിരിക്കെ കേസിൽ നിന്നും പിൻമാറാൻ ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റിന് മന്ത്രിബന്ധു ക്രൂപ വാഗ്ദാനം ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എസ്. ശർമ്മ, വി.എസ്. സുനിൽകുമാർ, മാത്യൂ റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ വിജിലൻസ് ഡയറക്ടർക്ക് നൽകിയ 01.11.2014-ലെ 535/എൽ.ഒ./2014 നമ്പർ

കത്തിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ അന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണമേഖലാ തിരുവനന്തപുരം QV 14/2014/SRT ആയി സത്വര അന്വേഷണം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷക സംഘം നിലവിലുള്ള നിയമവ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കുമനുസൃതമായി അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിന്റെ പുരോഗതി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ പുരോഗതിയുടെ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയിട്ടുള്ളതുമാണ്. അന്വേഷണ ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശിപാർശ ചെയ്തു. ഈ ശിപാർശ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 68/2008 'Lalitha Kumari v/s State of U.P. & others' എന്ന വിധിയുടെ അടിസ്ഥാനത്തിലാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവ് നൽകി. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - 1 പോലീസ് സൂപ്രണ്ട്, VC 06/2014 SIU-1 u/s 7 and 13 (1) (d) of PC Act 1988 പ്രകാരം

കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - 1 ൽ തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരേയും സർക്കിൾ ഇൻസ്പെക്ടർമാരേയും ഉൾപ്പെടുത്തി രൂപീകരിച്ച അന്വേഷണ സംഘം കേസിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി വരികയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണത്തിന്റെ വെളിച്ചത്തിൽ കണ്ടെത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ  വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ഈ കേസിൽ സ്വതന്ത്രവും നീതിപൂർവ്വവും നിഷ്പക്ഷവുമായ അന്വേഷണമാണ് നടന്നുവരുന്നത്. വിജിലൻസിന്റെ എല്ലാ കേസുകളും കോടതിയുടെ സ്കൂട്ടണിക്ക് വിധേയമായി തന്നെയാണ് നടക്കുന്നത്. അതുകൊണ്ട് ഈ അന്വേഷണം വളരെ തൃപ്തികരവും നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ മുന്നോട്ടുപോകുകയാണെന്ന് ബഹുമാനപ്പെട്ട സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എസ്. ശർമ്മ:  സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ നടത്തിയിട്ടുള്ള അന്വേഷണത്തിന്റെ നടപടിക്രമങ്ങളുടെ സാരാംശമാണ് വിശദീകരിച്ചിട്ടുള്ളത്. ഈ ആരോപണം ഉയർന്നുവന്നതിനെത്തുടർന്ന് കേസ്

രജിസ്റ്റർ ചെയ്ത് അതിന്റെ പ്രാഥമികമായ അന്വേഷണങ്ങൾ നടത്താനിരിക്കുന്ന സന്ദർഭത്തിൽത്തന്നെ ഈ കേസ് അട്ടിമറിക്കുന്നതിനും ഇല്ലാതാക്കുന്നതിനും കഴിയുന്ന വിധത്തിൽ, എഫ്.ഐ.ആർ.-ൽ പ്രതിസ്ഥാനത്ത് വന്നിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി മന്ത്രിസ്ഥാനത്ത് തുടരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ, തെളിവുകൾ നശിപ്പിക്കുന്നതിനും സ്വാധീനിക്കുന്നതിനും മൊഴിമാറ്റുന്നതിനും ഭരണയന്ത്രത്തെ ദുർവിനിയോഗം ചെയ്യുന്നതുമായ നടപടിക്രമങ്ങൾക്ക് ഇതിനകം കൂട്ടുനിൽക്കുന്നുവെന്ന വാർത്തകൾ പുറത്തുവരുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് ആ സ്ഥാനത്ത് തുടരാൻ ധാർമ്മികമായി അവകാശമില്ലായെന്ന കാര്യമാണ് പ്രധാനമായിട്ടുള്ളത്. നിയമം ഒന്നേയുള്ളൂ, രണ്ട് നിയമമില്ല. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ സഭയിൽ അംഗമായിട്ടുള്ള ശ്രീ. ജെയിംസ് മാത്യുവിന് ഒരു കേസിന്റെ പേരിൽ എഫ്.ഐ.ആർ. ഇട്ടപ്പോൾ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ജയിലിലേയ്ക്ക് അയച്ചു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ജയിലിൽ നിന്നും വിട്ടയച്ച തളിപ്പറമ്പ് മജിസ്ട്രേറ്റിന്റെ ഉത്തരവാണ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഈ പ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പ് ഇവിടെ വിശദീകരിച്ചത്. ശ്രീ. ജെയിംസ്

മാത്യൂവിന് ബാധകമായ കാര്യം, ഒരു സർക്കിൾ ഇൻസ്പെക്ടർക്ക് വന്നപ്പോഴും ജയിലിലടച്ചു. രാഹുൽ നായരുടെ പേരിൽ എഫ്.ഐ.ആർ. ഇട്ടപ്പോഴും കേസെടുത്ത് പരിശോധന നടത്തി. സൂരജിന്റെ പേരിൽ കേസ് വന്നപ്പോഴും പരിശോധന നടത്തി വീട് റെയ്ഡ് ചെയ്തു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. മാണിയുടെ പ്രശ്നം വന്നപ്പോൾ അദ്ദേഹം നിയമ വകുപ്പുമന്ത്രിയാണ്, നിയമ വകുപ്പുമന്ത്രിക്ക് നിയമം ബാധകമല്ലേ; ഈ നാടിന്റെ ചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത വിധത്തിൽ അസാധാരണവും ഗുരുതരവുമായ ആരോപണമാണ് അദ്ദേഹത്തിനെതിരെ ഉയർന്നുവന്നിരിക്കുന്നത്. നിലവിലുള്ള നിയമങ്ങളും ഭരണഘടനാ തത്വങ്ങളും പാലിക്കേണ്ടതായ ഒരു മന്ത്രിക്ക് ഒരു നിമിഷം പോലും ഈ സ്ഥാനത്ത് തുടരാൻ ധാർമ്മികമായ അവകാശമില്ലാത്ത സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. ബാർ ഹോട്ടൽ ഉടമകളോട് നേരിട്ട് അഞ്ചുകോടിരൂപ കോഴപ്പണം ആവശ്യപ്പെട്ടതായും അതിൽ ഒരു കോടിരൂപ നേരിട്ട് കൈപ്പറ്റിയതായും വിജിലൻസിന്റെ പ്രാഥമിക അന്വേഷണത്തിൽത്തന്നെ വെളിപ്പെട്ടതായി ഈ സർക്കാരിന്റെ തന്നെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയിരിക്കുന്നു. നടപടിക്രമം പറഞ്ഞെങ്കിലും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇക്കാര്യം

പറഞ്ഞില്ല. തുടർന്ന് വിജിലൻസ് കോടതിയിൽ ക്രൈം നമ്പർ 06/2014 ആയി വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് (SI Unit) എഫ്.ഐ.ആർ. 10-12-2014-ൽ ഫയൽ ചെയ്തിരിക്കുന്നു. കൈക്കൂലി നേരിട്ടാവശ്യപ്പെടുകയും കൈപ്പറ്റുകയും ചെയ്തതായി തെളിഞ്ഞതിന്റെയടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ 7, 13 (1) (d) വകുപ്പുകൾ പ്രകാരം കേസന്വേഷണം നടത്തി വരുന്നതായി വിജിലൻസ് പോലീസ് തന്നെ കോടതിയിൽ റിപ്പോർട്ട് നൽകിയിരിക്കുന്നു. ഓരോ വകുപ്പിനും ഏഴ് വർഷം വീതം തടവ് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ മന്ത്രിക്കുമേൽ ചുമത്തിയാണ് ഈ സർക്കാരിന്റെ തന്നെ വിജിലൻസ് പോലീസ് എഫ്.ഐ.ആർ. ഫയൽ ചെയ്തിരിക്കുന്നത്. എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട സഭ അറിയുന്നതിനുവേണ്ടി അതിലെ പ്രധാനപ്പെട്ട ഒന്നുരണ്ട് വാചകം ഞാൻ വായിക്കാം -

'Some of the members of the association have stated that they had given their contribution to the State Committee members with the acknowledge that the amount so contributed was intended for handing over to the accused.' – 'accused' എന്നുവച്ചാൽ കുറ്റാരോപിതനായ

ധനകാര്യവകുപ്പുമന്ത്രി - 'Some other members of the association have deposed that they were present in the premises of the residence of the accused. While, the accused accepted the money handed over to him by the State Committee members; yet another relevant witness deposed that he had witnessed the handing over the money to the accused at the residence of the accused on 02-04-2014. The entries in the minutes of the State Committee of Kerala Bar Hotel Association bolster the allegations of this case' ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ പ്രാഥമികമായ റിപ്പോർട്ട് ഈ പറഞ്ഞ കാര്യങ്ങളിൽ നിന്ന് നാല് കാര്യങ്ങളാണ് പോലീസ് കോടതിയിൽ കൊടുത്തിരിക്കുന്നത്. ചോദ്യം ചെയ്യപ്പെട്ട സാക്ഷികളിൽ ബാറുടമകളായ സാക്ഷികൾ പറഞ്ഞത് മന്ത്രി ശ്രീ. കെ. എം. മാണിക്ക് കൈക്കൂലി കൊടുക്കാനായി അവരുടെ വിഹിതം അസോസിയേഷൻ ഭാരവാഹികൾക്ക് നൽകിയിട്ടുണ്ട് എന്നാണ്. മറ്റുചില സാക്ഷികൾ കോഴപ്പണം ശ്രീ. കെ. എം. മാണിക്ക് കൈമാറുന്നത് കണ്ടിട്ടുണ്ട് എന്ന് മൊഴിനൽകിയിരിക്കുന്നു. ചില സാക്ഷികൾ ഈ കോഴപ്പണം ശ്രീ. കെ. എം.

മാണിക്ക് കൈമാറുമ്പോൾ അദ്ദേഹത്തിന്റെ വസതിയിൽ ഉണ്ടായിരുന്നതായും മൊഴിനൽകിയിട്ടുണ്ട്. ബാർ ഹോട്ടൽ അസോസിയേഷന്റെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സാക്ഷി മൊഴികൾ ശരിവയ്ക്കുന്നതായി എഫ്.ഐ.ആർ.-ൽ പറയുന്നു. അങ്ങനെ സാക്ഷിമൊഴികളും സാക്ഷികളുടെ മൊഴികളും രേഖകളുടെ തെളിവുകളും ശ്രീ. കെ. എം. മാണിക്കെതിരായ കുറ്റകൃത്യം അടിവരയിട്ട് സ്ഥാപിക്കുന്നതാണ് പ്രാഥമികമായി ഈ എഫ്.ഐ.ആർ. -ൽ പരാമർശിക്കപ്പെടുന്നത്. ഇതിൽ നിന്നും മൂന്ന് കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. പോലീസ് ഇട്ടിരിക്കുന്ന എഫ്.ഐ.ആർ.-ൽത്തന്നെ പറഞ്ഞ കാര്യങ്ങളുടെ സാരാംശം നോക്കിയാൽ Oral Evidence, documentary Evidence, Circumstance Evidence ഇവ മൂന്നും ക്ലിയറാണ്. ഇവ മൂന്നും ഒരുപോലെ ബന്ധപ്പെട്ടുവരുന്ന ഈ ഒരു പ്രത്യേക കേസ്സിൽ നിയമ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ മാതൃക കാണിക്കാൻ വഴിപ്പെട്ട നടപടി സ്വീകരിക്കുന്നതിനുപകരം 'മാലാഖ കയറാൻ മടിച്ച ഇടത്ത് ചെകുത്താൻ കയറി' എന്ന മഹത്വം മാത്രമായിരിക്കും ശ്രീ. കെ. എം. മാണി മന്ത്രി സ്ഥാനത്ത് തുടർന്നാൽ ചരിത്രത്തിൽ നിങ്ങൾക്കുണ്ടാവുക എന്ന കാര്യം മനസ്സിലാക്കണം. വ്യക്തിപരമായ പ്രശ്നങ്ങളോ അഭിപ്രായ വ്യത്യാസങ്ങളോ

നമ്മൾ ആരും തമ്മിലില്ല. പക്ഷേ നിയമം നിയമത്തിന്റെ വഴിക്ക് വിടണം. നിയമത്തിന്റെ വഴിക്ക് വിടുന്നതിനുപകരം ശ്രീ. കെ. എം. മാണിയുടെ വഴിക്ക് നിയമത്തെ വിട്ടാൽ നിയമവാഴ്ച അട്ടിമറിക്കപ്പെടും. അത് അരാജകത്വത്തിലേക്ക് പോകും. മാതൃക കാണിക്കേണ്ടുന്നവർ തെറ്റായ രൂപത്തിൽ നയിച്ചാൽ അത് നാടിനെ അപകടപ്പെടുത്തുന്ന വിധത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും. പ്രാഥമിക അന്വേഷണത്തിൽ ഇത്രയും വിവരങ്ങൾ കിട്ടിയിട്ടും ആ വിവരങ്ങൾ വന്നതോടുകൂടി ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു പൊളിറ്റിക്കൽ ഗൂഢാലോചന നടത്തുവെന്ന് ഞാൻ ആരോപിക്കുകയാണ്. കാരണം ഇതിന്റെയടിസ്ഥാനത്തിൽ റിപ്പോർട്ട് വന്നു. റിപ്പോർട്ട് വന്നതിന്റെ തൊട്ടടുത്ത ദിവസം അന്വേഷണച്ചുമതല നിർവ്വഹിക്കുന്ന വിജിലൻസ് എസ്.പി. ശ്രീ. രാജ്മോഹനനെ വിജിലൻസ് യൂണിറ്റിൽനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റി. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല, നിങ്ങൾ എന്തിനിത് ചെയ്തു. ഇക്കാര്യം കൊണ്ടു വരികയും റിപ്പോർട്ട് വന്ന് പ്രാഥമികമായി കേസ്സെടുക്കുകയും ചെയ്തു. അങ്ങനെ കേസ്സെടുത്തിട്ടുള്ള എസ്.പി.-യെ സ്ഥലം മാറ്റി. പകരം ഒരുദ്യോഗസ്ഥനെ നിയമിച്ചു. തൊട്ടടുത്ത ദിവസം തന്നെ, എസ്.പി.യെ മാറ്റുന്നതിന് തൊട്ടുമുമ്പ്, എഫ്.ഐ.ആർ. ഇട്ടതിന്റെ തൊട്ടടുത്ത

നിമിഷം തന്നെ ശ്രീ. കെ. എം. മാണിയുടെ വസതി ആഭ്യന്തര വകുപ്പുമന്ത്രി സന്ദർശിച്ചു. സന്ദർശിക്കാം, സഹപ്രവർത്തകനാണ്, മന്ത്രിയാണ്. പക്ഷേ കേരള സമൂഹത്തിന്റെ ഇടയിൽ നിന്ന് രൂപപ്പെട്ട സംശയത്തിന് ദൂരീകരണം ഉണ്ടായിട്ടില്ല. ആ സന്ദർശനം വിജിലൻസ് കേസ്സിൽ, എഫ്.ഐ.ആർ.-ൽ പ്രതി സ്ഥാനത്ത് വന്ന സാഹചര്യത്തിൽ ശ്രീ. കെ. എം. മാണി ഇടഞ്ഞാൽ, അദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചാൽ ഈ മന്ത്രിസഭയെത്തന്നെ നിലനിർത്തുന്നതിനും ഇല്ലാതാക്കുന്നതിനും കഴിവുള്ള അംഗബലമുള്ള ഒരു പാർട്ടിയുടെ നേതാവ് കൂടിയാണെന്നുകൂടി കണക്കാക്കി രാജ്യത്ത് നിയമവാഴ്ച മറന്നുകൊണ്ട് അദ്ദേഹത്തെ സംരക്ഷിക്കാൻ കൊടുത്ത ഉറപ്പിന്റെയടിസ്ഥാനത്തിൽ എസ്.പി. യെ സ്ഥലം മാറ്റുകയാണ് എന്നാരെങ്കിലും ആരോപിച്ചാൽ അവരെ കുറ്റം പറയാൻ കഴിയുമോ; അതിന് ഒരിക്കലും കുറ്റം പറയാൻ കഴിയില്ല. അതു സംഭവിച്ചു. ഇതൊരു അസാധാരണ സംഭവമാണ്. ഭരിക്കുന്ന സർക്കാരിലെ ഒരു മന്ത്രിക്കെതിരെ അതേ സർക്കാർ തന്നെ ഗുരുതരമായ അഴിമതിക്കുറ്റം ചുമത്തി എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചിരിക്കുന്നു. ഈ കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ അസാധാരണമായ ഒരു സംഭവം ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ടോ; ഒരിക്കലും

ഉണ്ടായിട്ടില്ല. എന്നിട്ടും പ്രതിയായ മന്ത്രി ശ്രീ. കെ. എം. മാണി രാജിവയ്ക്കാൻ കൂട്ടാക്കാതെ തുടരുകയാണ്. ഉന്നതനായിട്ടുള്ള, ഗവൺമെന്റ് തന്നെ തുടരണമോ വേണ്ടയോ എന്ന് നിശ്ചയിക്കാൻ കഴിവുള്ള ഒരാളാണ് ഇവിടെ പ്രതി. അതാണ് ഇവിടെ അടിസ്ഥാനപരമായ കാര്യം. മന്ത്രിസഭയുടെ നിലനില്പിനുവേണ്ടി ഗവൺമെന്റ് നിയമവാഴ്ചയെ അട്ടിമറിക്കാൻ കൂട്ടുനിൽക്കുന്നു എന്ന അടിസ്ഥാനപരമായ ചോദ്യത്തിന് ഉത്തരം നൽകേണ്ടതായിട്ടിരിക്കുകയാണ്. പ്രതിയുടെ വീട്ടിൽ അർദ്ധരാത്രിയിലും കൊച്ചു വെളുപ്പാൻ കാലത്തുമായി കാറിലെത്തിയ ബാറുടമകൾ കൈമാറിയ കോഴപ്പണം ഒരു കോടിരൂപ നോട്ടെണ്ണൽ യന്ത്രമുപയോഗിച്ച് ചിട്ടപ്പെടുത്തി തന്റെ വീട്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ബാർ ഹോട്ടൽ മുതലാളിമാരുടെ മൊഴിയുടെ അടിസ്ഥാത്തിൽ കേസ്സെടുത്തിട്ടും പ്രസ്തുത കോഴപ്പണം തൊണ്ടിമുതലായി കണ്ടെടുക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചത്? മൊഴികൊടുത്ത് ഒരു പ്രതി ഇങ്ങനെയൊക്കെ ചെയ്തുവെന്ന് പറഞ്ഞാൽ തൊണ്ടിയെടുക്കണ്ടേ; തൊണ്ടി പണമാണ്. നോട്ടെണ്ണൽ യന്ത്രമുപയോഗിച്ചാണ് ഇതൊക്കെ ചെയ്തിരിക്കുന്നതെന്നാണ് മൊഴി കൊടുത്തിരിക്കുന്നത്. സാധാരണ വിജിലൻസ് ചെയ്യുന്നത് എന്താണ്; റെയ്ഡ് നടത്തണ്ടേ; റെയ്ഡ്

എവിടെയാണ് നടത്തേണ്ടത്; ബഹുമാനപ്പെട്ട മന്ത്രിയുടെ വീട്ടിലല്ലേ; ഏതെങ്കിലുമൊരു പോലീസുദ്യോഗസ്ഥൻ പോകുമോ; അന്വേഷണം സുഗമമായി നടക്കുമോ; ശ്രീ. കെ.എം. മാണി മന്ത്രിസ്ഥാനത്തിരുന്നാൽ ഈ കേസ് അട്ടിമറിക്കപ്പെടില്ലേ; ഇവിടെ ജനാധിപത്യബോധം ഉണരണ്ടേ; ധാർമ്മികത ഉണ്ടാകണ്ടേ; നിയമവാഴ്ചയ്ക്ക് അതിന്റെ മഹത്വം ഉറപ്പാക്കണ്ടേ; അതിന് ബാദ്ധ്യതപ്പെട്ടവർ വേലി തന്നെ വിളവ് തിന്നുന്ന അവസ്ഥയിലേക്ക് ഈ സംസ്ഥാനഗവൺമെന്റിന്റെ നയം പങ്കുവഹിക്കുകയല്ലേ; ആ നിലയിലേക്ക് മാറുകയാണ്. ഒരു വീടും റെയ്ഡ് ചെയ്യുന്നില്ല. പ്രതിസ്ഥാനത്തിരിക്കുന്നത് മന്ത്രിയാണ്. മന്ത്രിയുടെ വീട് എങ്ങനെ പോലീസ് പരിശോധിക്കും. സല്യൂട്ട് ചെയ്ത് പുറകോട്ട് പോകില്ലേ; മന്ത്രിസ്ഥാനത്തിരുന്ന് പരിശോധിക്കാൻ ചെന്നാൽ മന്ത്രിയെക്കണ്ട് പോലീസ് അപ്പോൾത്തന്നെ ഓടില്ലേ; ഇതെന്താണ് വെള്ളരിക്കാപ്പട്ടണമാണോ; ആർക്കും എന്തും ചെയ്യാമെന്നാണോ; എന്തു വൃത്തികേട് ചെയ്താലും അത് ഈ നാട്ടിൽ നടപ്പാകുമെന്നാണോ; അങ്ങനെ നടപ്പാക്കാൻ പ്രബുദ്ധമായ  കേരളം അനുവദിക്കില്ല എന്ന കാര്യം നിസ്സംശയം പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കേസിൽപ്പെട്ടവർ എത്ര ഉന്നതനാണെങ്കിലും നടപടികളും നിയമവ്യവസ്ഥയും പാലിച്ചിരിക്കണം.

ഇവിടെ അത് പാലിക്കുന്നില്ല. വ്യക്തവും സുതാര്യവുമായ തെളിവുകളുണ്ടെന്നും ശ്രീ. കെ. എം. മാണിയുടെ സംഭാഷണത്തിന്റെ സി.ഡി. ഉൾപ്പടെ കൈവശമുണ്ടെന്നും അത് ഹാജരാക്കാമെന്നും ശ്രീ. ബിജു രമേശ് പറയുന്നു. ശ്രീ. ബിജു രമേശിനെ ആ രൂപത്തിൽ ചോദ്യം ചെയ്യുന്ന സ്ഥിതി ഇതുവരെ ഉണ്ടായിട്ടില്ല. മൊഴി കൊടുത്തു, കൊടുത്ത മൊഴി പലരും മാറ്റി പറയും. മൊഴി മാറ്റിപ്പറഞ്ഞാൽ എന്താണ് ചെയ്യേണ്ടത്; നിയമ വ്യവസ്ഥയോട് നീതി പുലർത്തുന്നുവെങ്കിൽ, ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കണം. പണം കൊടുത്തു സ്വാധീനിച്ച് മൊഴി മാറ്റിപ്പറയിപ്പിച്ച് ശ്രീ. കെ. എം. മാണിയെ രക്ഷപ്പെടുത്താനുള്ള ആയുധമായി മൊഴിമാറ്റൽ പ്രക്രിയ എന്ന നിലയിലേയ്ക്ക് അന്വേഷണം അധ:പതിപ്പിക്കുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ചാർജ് ഷീറ്റ് കൊടുക്കുമ്പോൾ കുറ്റവിമുക്തനാക്കാൻ കഴിയുന്ന രൂപത്തിലേയ്ക്കുള്ള പ്രക്രിയയിലാണ് ഇപ്പോഴത്തെ അന്വേഷണത്തിന്റെ പ്രോസസ്സ് നടന്നുകൊണ്ടിരിക്കുന്നത്. അത് നിയമ വാഴ്ചയെ സംരക്ഷിക്കുകയല്ല, അട്ടിമറിക്കുന്ന നടപടിയാണ്. മൊഴി മാറ്റിപ്പറഞ്ഞവരെ എന്തുകൊണ്ട് ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല; ശ്രീ. ബിജു രമേശ് ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയനാകാമെന്നും സി.ഡി. ഹാജരാക്കാമെന്നും

സമ്മതമറിയിച്ചിട്ടും എന്തുകൊണ്ട് വിജിലൻസ് പോലീസ് തുടർനടപടികൾ സ്വീകരിക്കുന്നില്ല. ഒരു സാക്ഷിയെപ്പോലും കോടതിയിൽ ഹാജരാക്കി 164-ാം വകുപ്പനുസരിച്ച് മൊഴി രേഖപ്പെടുത്തുന്നില്ല. ഈ കേസ് അട്ടിമറിക്കാൻ എല്ലാ സാഹചര്യവുമൊരുക്കാനുള്ള നടപടികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കുറ്റപത്രം ഹാജരാക്കി കഴിഞ്ഞാൽ കയ്യാമം വയ്ക്കുന്ന അവസ്ഥയിലേയ്ക്ക് പോകുന്നതിന് മുമ്പ് മാതൃകയോടെ ഈ നടപടികൾ മനസ്സിലാക്കി നിയമ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ, നിയമ വാഴ്ചയ്ക്ക് മാതൃക കാണിക്കേണ്ട ആളെന്ന നിലയിൽ രാജിവെയ്ക്കുക എന്ന നടപടി സ്വീകരിക്കുക എന്നുള്ളതുമാത്രമാണ് ജനാധിപത്യപ്രക്രിയയിൽ കരണീയമായിട്ടുള്ളത്. ഈ പ്രശ്നം ചർച്ചയ്ക്ക് വന്ന അവസരത്തിൽ യു.ഡി.എഫ്.-ന്റെ തന്നെ സ്ഥാപകനേതാവായിട്ടുള്ള ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ഇത് മാത്രമല്ല ബഡ്ജറ്റ് വിറ്റും കാശുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നുവെന്ന ആരോപണവും ഉയർത്തിക്കൊണ്ടു വന്നു. ഇത്രയും കോടി രൂപ പിരിച്ചിട്ട് അവിടെ പോയതിന്റെ ബാക്കി കോടി രൂപയെല്ലാം എവിടെപ്പോയെന്ന് സംസ്ഥാന ഗവൺമെന്റിന്റെ ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് പരസ്യമായി പറഞ്ഞു. പ്രബുദ്ധമായ കേരളം തലകുനിച്ച് ലജ്ജിക്കുന്നു. ഏറ്റവും അപമാനകരമായ അവസ്ഥയിലേയ്ക്ക്

എത്തിയിരിക്കുകയാണ്. നിയമം നിയമത്തിന്റെ വഴിക്കല്ല, ബാർ കോഴക്കേസിൽ പ്രതിയായ മന്ത്രി ശ്രീ. കെ. എം. മാണിയുടെ വഴിക്കാണ് പോകുന്നത്. എല്ലാ നടപടിക്രമങ്ങളും ഇവിടെ അട്ടിമറിക്കപ്പെടുന്നു. ജനാധിപത്യ കേരളത്തിന് അപമാനകരമായ സ്ഥിതിവിശേഷമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു പശ്ചാത്തലത്തിൽ ബഡ്ജറ്റുപോലും വിറ്റു പണമുണ്ടാക്കുന്നുവെന്ന് യു.ഡി.എഫ്.-ന്റെ നേതൃസ്ഥാനീയരായവർതന്നെ പരസ്യമായി പറയുന്ന സാഹചര്യത്തിൽ ഈ നിയമസഭയ്ക്കകത്ത് ബഡ്ജറ്റ് അവതരിപ്പിക്കാൻ ധാർമ്മികമായ അവകാശമില്ലെന്ന് ഈ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി നിശ്ചയിച്ചിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്........... പ്ലീസ് കൺക്ലൂഡ്.

ശ്രീ. എസ്. ശർമ്മ: ഭരണകൂടം അതിന്റെ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ തെറ്റിനെ ന്യായീകരിച്ച് പ്രതിസന്ധി രൂക്ഷമാകുമ്പോൾ, മഹാനായ കാറൽ മാർക്സ് നിരീക്ഷിച്ചതുപോലെ, ഭരണകൂടത്തിനോ എക്സിക്യൂട്ടീവിനോ പരിഹരിക്കാൻ കഴിയാതെ സങ്കീർണ്ണമായി മുന്നോട്ടുപോയാൽ ചരിത്രത്തിന്റെ അന്തിമമായ വിധികർത്താക്കൾ

ജനങ്ങളായിരിക്കുമെന്നുള്ളതുകൊണ്ട് ആ ജനങ്ങളെ സാക്ഷി നിർത്തിക്കൊണ്ട് മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. എം. മാണി രാജിവെയ്ക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും, മാണി സാറിൽ വിശ്വാസമാണെന്ന് മുഖ്യമന്ത്രിയും ശ്രീ. രമേശ് ചെന്നിത്തലയുമെല്ലാം പരസ്യമായി പറയുന്നതിലൂടെ അന്വേഷിക്കുന്ന ഉദ്യോഗസ്ഥരെ നേരിട്ട് dictate ചെയ്യുകയാണ്. പ്രതിയാക്കരുത്, തെളിവുണ്ടാക്കരുത്, തെളിവ് നശിപ്പിക്കണം...... അങ്ങനെ ഒരു യു.ഡി.എഫ്. ന്റെ രാഷ്ട്രീയ ഗൂഢാലോചന യിൽ നിയമവാഴ്ച ഇവിടെ അട്ടിമറിക്കപ്പെടുന്നു. ഈ നിയമവാഴ്ച അട്ടിമറിക്കപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല):</u> ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ഈ കേസ് അന്വേഷണം തികച്ചും നീതിപൂർവ്വവും നിഷ്പക്ഷവുമായാണ് മുന്നോട്ടുപോകുന്നത്. ഈ സഭയിലെ ഒരംഗമായ ശ്രീ. വി. എസ്. സുനിൽകുമാർ, എം.എൽ.എ. യും ശ്രീ. പി. കെ. രാജുവും പരാതിക്കാരായി, ഈ കേസന്വേഷണം കോടതിയുടെ മേൽനോട്ടത്തിൽ വേണമെന്ന് 03.12.2014-ൽ ബഹുമാനപ്പെട്ട

ഹൈക്കോടതിയോട് ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട ഹൈക്കോടതി അത് തള്ളിക്കളഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ നിരവധി അപേക്ഷകൾ വന്നു. "ബാർ കോഴ അന്വേഷണം, മേൽനോട്ടം വഹിക്കേണ്ട സാഹചര്യമില്ലെന്ന് ഹൈക്കോടതി" എന്നാണ് ഇന്നത്തെ കേരള കൗമുദി പത്രത്തിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട കേരള ലോകായുക്തയിൽ ഈ കേസ് വന്നു. ഇപ്പോൾ മേൽനോട്ടത്തിന്റെ ആവശ്യമില്ലെന്നും ഇപ്പോൾ അന്വേഷണം ശരിയായയാണ് നടക്കുന്നതെന്നുമാണ് ലോകായുക്തയും പറഞ്ഞത്. വിജിലൻസ് കോടതികളുടെ മുമ്പിൽ പരാതികൾ വന്നു. നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരു അന്വേഷണം നടക്കുകയാണ് ഇപ്പോൾ ഇടപെടേണ്ട ആവശ്യമില്ലെന്നാണ് വിജിലൻസ് കോടതികൾ പറഞ്ഞത്. ഈ സഭയിലെ ഒരംഗമായ ശ്രീ. വി. എസ്. സുനിൽകുമാർ ഉൾപ്പടെയുള്ളവർ കൊടുത്ത പരാതികളിന്മേൽ സംസ്ഥാന വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരന്വേഷണം നടത്തുന്നതുകൊണ്ട് ഈ ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ ഹൈക്കോടതിയും ലോകായുക്തയും വിജിലൻസ് കോടതികളും ഇടപെടുന്നില്ല. ബഹുമാനപ്പെട്ട എസ്. ശർമ്മ, ഈ അന്വേഷണം നിഷ്പക്ഷവും നീതിപൂർവ്വവുമാണ് നടക്കുന്നതെന്നുള്ളതിന് ഇതിനെക്കാൾ കൂടുതൽ ഏത്

തെളിവാണ് അങ്ങേയ്ക്ക് വേണ്ടതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. മാത്യു റ്റി. തോമസ്: അന്വേഷണ ഉദ്യോഗസ്ഥനെ സ്ഥലം മാറ്റിയതെന്തിനാണ്?

ശ്രീ. രമേശ് ചെന്നിത്തല: അത് ഞാൻ പറയാം. …... (ബഹളം)............

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്........ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ......

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ക്വിക്ക് വെരിഫിക്കേഷന് ഓർഡർ കൊടുത്തപ്പോൾ അതിനെപ്പറ്റി അന്വേഷണം നടത്തിയ എസ്.പി. യാണ് ശ്രീ. രാജ് മോഹൻ. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് ശ്രീ. കിഷോറാണ് അന്വേഷിക്കുന്നതെന്നാണ്. ശ്രീ. രാജ് മോഹൻ റിട്ടയർ ചെയ്യാൻ പോകുന്ന ഉദ്യോഗസ്ഥനാണെന്നും അദ്ദേഹത്തെ വച്ച് അന്വേഷിപ്പിക്കുന്നത് കേസ് അട്ടിമറിക്കാനാണെന്നും പറഞ്ഞു. ഏതായാലും ശ്രീ. എസ്. ശർമ്മയ്ക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനോട് യോജിപ്പില്ലെന്നുള്ളത് ഇപ്പോൾ ഇവിടെ ബോദ്ധ്യമായി. അല്ലെങ്കിലും നിങ്ങൾ തമ്മിൽ അഭിപ്രായ

വ്യത്യാസമുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ; ശ്രീ. രാജ് മോഹനെ സ്ഥലം മാറ്റിയിട്ടില്ല. അദ്ദേഹത്തിന് റിട്ടയർ ചെയ്യാൻ ഇനിയും സമയമുണ്ട്. ഇപ്പോഴും ആ സ്ഥാനത്തുതന്നെ തുടരുന്നു. വസ്തുതകൾ മനസ്സിലാക്കാതെ പറയരുത്. ഈ കേസിന്റെ സ്റ്റേറ്റ് വൈഡായുള്ള അന്വേഷണം നടത്തണമെന്നുള്ളതുകൊണ്ടാണ് ഈ കേസിനെ SIU-1 എന്ന സ്റ്റേറ്റ് വൈഡ് ജൂറിസ്ഡിക്ഷനുള്ള യൂണിറ്റിലേയ്ക്ക് മാറ്റിയത്. കേസന്വേഷണം ഫലപ്രദമാക്കാൻ വേണ്ടിയാണ് വിജിലൻസ് ഡയറക്ടറുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ വരുന്ന സ്റ്റേറ്റ് വൈഡ് ജൂറിസ്ഡിക്ഷനുള്ള SIU-1-ലേയ്ക്ക് ഈ കേസ് മാറ്റിയത് എന്നുള്ളതാണ് സത്യം. കേസന്വേഷണം അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്നും നിയമം ശ്രീ. കെ. എം. മാണിയുടെ വഴിക്കാണ് പോകുന്നതെന്നും അദ്ദേഹം ഇവിടെ പറഞ്ഞു. ഇതെല്ലാം ഞാൻ നിഷേധിക്കുന്നു. നിയമം നിയമത്തിന്റെ വഴിക്കാണ് പോകുന്നത്. ഈ സംസ്ഥാനത്തെ ഹൈക്കോടതിയും ലോകായുക്തയും വിജിലൻസ് കോടതികളുമെല്ലാം ഈ അന്വേഷണത്തിൽ പൂർണ്ണ തൃപ്തി രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യമാണ്. അഭ്യൂഹങ്ങളുടേയും ഊഹാപോഹങ്ങളുടേയും കിംവദന്തികളുടേയും കെട്ടുകഥകളുടേയും

അടിസ്ഥാനത്തിൽ ഗവൺമെന്റിന് നടപടിയെടുക്കാൻ കഴിയുമോ; വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽമാത്രമേ പ്രവർത്തിക്കുകയുള്ളൂ. എന്നോടൊപ്പമിരിക്കുന്ന ഈ മന്ത്രിസഭയിലെ ഒരംഗത്തിനെതിരെ എഫ്.ഐ.ആർ. തയ്യാറാക്കാൻ ധൈര്യം കാണിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഇക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാൻ ഇല്ലാത്തതുകൊണ്ടുതന്നെയാണ് എഫ്.ഐ.ആർ. തയ്യാറാക്കാനുള്ള ധൈര്യം ഈ സർക്കാർ കാണിച്ചത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഈ കേസിൽ പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 42 ദിവസം അന്വേഷണം നടത്തിയിട്ടാണ് എഫ്.ഐ.ആർ. ഉണ്ടാക്കിയത്. ബഹുമാനപ്പെട്ട മന്ത്രിക്കെതിരായി ഉയർന്നുവന്ന ആരോപണങ്ങളിൽ യാതൊരുവിധ അടിസ്ഥാനവും ഇല്ലായിരുന്നുവെങ്കിൽ ഒരു എഫ്.ഐ.ആർ. ഇടേണ്ട കാര്യമുണ്ടായിരുന്നോ; ഈ പരാതിയിൽ അടിസ്ഥാനമില്ലെന്ന് പറഞ്ഞുകൊണ്ട് കോടതിക്ക് റിപ്പോർട്ട് ചെയ്താൽ പോരായിരുന്നോ; നിങ്ങൾ തന്നെ അന്വേഷിച്ച് വസ്തുത ഉണ്ടെന്ന് കണ്ടെത്തിയതുകൊണ്ടല്ലേ എഫ്.ഐ.ആർ. ഇട്ട് കോടതിയിൽ സമർപ്പിച്ചിരിക്കുന്നത്. അങ്ങനെ എഫ്.ഐ.ആർ. ഇട്ട

കേസുകളിൽ മറ്റുള്ള പ്രതികളെ അറസ്റ്റുചെയ്യുന്ന, ശ്രീ. ജെയിംസ് മാത്യുവിനെ അറസ്റ്റുചെയ്യുന്ന നിങ്ങൾ എന്തുകൊണ്ടാണ് മന്ത്രിയെ അറസ്റ്റുചെയ്യാൻ ഉത്തരവ് കൊടുക്കാത്തത്?

സർ, നമ്മൾ ഇതിനെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിൽ ചർച്ച ചെയ്തിരുന്നതാണ്. ലളിതകുമാരി വേഴ്സസ് ഗവൺമെന്റ് ഓഫ് യു.പി. ആന്റ് അദേഴ്സ് എന്ന അസാധാരണമായ ഒരു സുപ്രീം കോടതി വിധി ഉണ്ടായിരിക്കുന്നു. അങ്ങ് പറഞ്ഞത് സ്വാഭാവികമാണ്, സാധാരണ ഗതിയിൽ സ്വീകരിക്കുന്ന സമീപനമാണ്. അങ്ങ് ആഭ്യന്തരവകുപ്പ് മന്ത്രിയായിരുന്നപ്പോഴും ഇതേ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ശ്രീ. ജെയിസ് മാത്യുവിന്റെ കാര്യത്തിലേയ്ക്ക് ഞാൻ വരികയാണ്. സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ പുതിയ വിധിയുടെ അടിസ്ഥാനത്തിൽ ഒരു പെറ്റീഷൻ കിട്ടിയാൽ അതിൽ കൊഗ്നൈസബിൾ ഒഫൻസ് ഉണ്ടെന്ന് ക്വിക്ക് വെരിഫിക്കേഷനിലൂടെയോ അന്വേഷണത്തിലൂടെയോ കണ്ടെത്തിയാൽ എഫ്.ഐ.ആർ. ഇടാം. അതിൽ കേസിന്റെ വെരാസിറ്റി പരിശോധിക്കുന്നില്ല. അത് പിന്നീടാണ് പരിശോധിക്കപ്പെടുന്നത്. അതുകൊണ്ടാണ് മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ കേസിൽ എഫ്.ഐ.ആർ. ഇടേണ്ടിവന്നത്. അങ്ങ് ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.യുടെ കാര്യം ഇവിടെ

പറഞ്ഞു. അങ്ങും ഞാനും തമ്മിൽ ചർച്ച ചെയ്തിട്ടുള്ളൊരു വിഷയമാണത്. ശ്രീ. ജെയിംസ് മാത്യു പ്രതിയായ കേസിൽ അദ്ദേഹം ബഹുമാനപ്പെട്ട കോടതിയിൽ ആന്റിസിപ്പേറ്ററി ബെയിലിന് അപേക്ഷിച്ചു. എന്താണ് ജഡ്ജ് പറഞ്ഞതെന്ന് ഞാൻ പറയേണ്ടല്ലോ; അത് എല്ലാവരുടേയും മുൻപിലുള്ള കാര്യമാണ്. അത് നിഷേധിക്കപ്പെട്ടു. കേസന്വേഷണത്തിൽനിന്ന് വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥനാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. അല്ലാതെ എഫ്.ഐ.ആർ.-ൽ പേരുള്ളതുകൊണ്ടല്ല ശ്രീ. ജെയിംസ് മാത്യുവിനെ അറസ്റ്റ് ചെയ്തത്. ഇവിടെ മാണിസാറിന്റെ കാര്യത്തിൽ എഫ്.ഐ.ആറേ ഉള്ളൂ. ഞാൻ ഇവിടെ പരാമർശിക്കാൻ ഉദ്ദേശിച്ച കാര്യമല്ല, ബഹുമാനപ്പെട്ട ഇ. പി. ജയരാജനും എസ്. ശർമ്മയും പറഞ്ഞതുകൊണ്ടാണ്, നമ്മുടെ ഒരു സഭാംഗമാണ് അദ്ദേഹം. ഞാൻ അദ്ദേഹത്തെ....

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മലപ്പുറത്ത് ഒരു അധ്യാപകൻ ആത്മഹത്യ ചെയ്തു. ആത്മഹത്യാക്കുറിപ്പിൽ അവിടത്തെ സ്കൂൾ മാനേജരുടെ പീഡനം മൂലമാണ് ആത്മഹത്യ ചെയ്യുന്നതെന്ന് അദ്ദേഹം എഴുതിവച്ചു. എഫ്.ഐ.ആർ-ൽ ഒരു കൊലക്കേസ് പ്രതിയുടെ പേര് ഉന്നയിച്ചപ്പോൾ, നിങ്ങൾ അറസ്റ്റ് ചെയ്തോ; നടപടി സ്വീകരിച്ചോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, അങ്ങനെ എഴുതിയിട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ശ്രീ. ഇ. പി. ജയരാജൻ, അങ്ങനെ എഴുതിയാൽ പോലും....... എഴുതിയിട്ടില്ല എന്നത് വേറെ കാര്യം. അത് അന്വേഷണത്തിലൂടെ അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യപ്പെടുന്ന സാഹചര്യത്തിലേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇവിടെ അതുമാത്രമല്ല, ബഹുമാനപ്പെട്ട ഹൈക്കോടതി.......(......ബഹളം.....)...........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്...പ്ലീസ്.. പ്ലീസ്... ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ. പ്ലീസ്.. പ്ലീസ്..

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ശ്രീ. ജെയിംസ് മാത്യുവിന്റെ ജാമ്യാപേക്ഷ നിരസിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ഞാനിവിടെ പരാമർശിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ് ചെയ്യേണ്ടി വന്നത്. അല്ലാതെ ഇതിൽ രാഷ്ട്രീയമില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. (...ബഹളം...).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ശ്രീ. ജെയിംസ് മാത്യു, അങ്ങേയ്ക്ക് സംസാരിക്കാൻ സമയം നൽകുന്നതാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ. (.....ബഹളം...).........

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഈ കേസ് അന്വേഷണത്തിൽ ഒരു ഘട്ടത്തിലും ഗവൺമെന്റ് ഇടപെട്ടിട്ടില്ല. ബഹുമാന്യനായ അംഗം എസ്. ശർമ്മ ഇവിടെ ചൂണ്ടിക്കാണിച്ചത്, എഫ്.ഐ.ആർ-ലെ വിവരങ്ങൾ മാത്രമാണ്. എഫ്.ഐ.ആർ-ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ സഭയിൽ നമ്മൾ ചർച്ച ചെയ്തതാണിത്. എഫ്.ഐ.ആർ-ൽ ചില കാര്യങ്ങളുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ഒരാളിനെ കുറ്റക്കാരനാക്കാൻ കഴിയുമോ; വിശദമായ അന്വേഷണം നടക്കുകയാണ്. ഈ അന്വേഷണത്തെ സംബന്ധിച്ചിടത്തോളം ഒരു പരാതിയും ഇവിടെ ഉയർന്നുവന്നിട്ടില്ല. പ്രതിപക്ഷത്തുനിന്നോ പൊതുസമൂഹത്തുനിന്നോ നിഷ്പക്ഷവും നീതിപൂർവ്വവുമല്ലാത്തൊരു അന്വേഷണം നടക്കുന്നു എന്നാരും പരാതിപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ഉന്നത നീതിപീഠവും ലോകായുക്തയും വിജിലൻസ് കോടതികളും അന്വേഷണത്തെ സംബന്ധിച്ചിടത്തോളം യാതൊരു പാതികളും ഇതുവരെ പറഞ്ഞിട്ടില്ല. ഇവിടെ നിഷ്പക്ഷമായ ഒരു അന്വേഷണം നടക്കുമ്പോൾ ഈ അന്വേഷണത്തെ വഴിതെറ്റിക്കാൻ ചില റൂമറുകൾ അഴിച്ചു വിടുന്നു. ചില ആവശ്യമില്ലാത്ത പ്രചരണങ്ങൾ നടത്തുന്നു. അതെല്ലാം വെസ്റ്റഡ് ഇന്ററസ്റ്റുകൾ നടത്തുന്ന പ്രചരണങ്ങളാണ്. നിങ്ങൾ ദയവായി അതിൽ വീഴരുതെന്നാണ് എനിക്ക്

പ്രതിപക്ഷത്തോട് പറയുവാനുള്ളത്. ജുഡീഷ്യൽ സ്ക്രൂട്ടിനിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. കുറ്റമറ്റതും ക്രഡിബിലിറ്റിയുള്ളതുമായ അന്വേഷണമാണ് നടക്കുന്നത്.

വിജിലൻസ് ഡയറക്ടറെപ്പറ്റി ആർക്കെങ്കിലും പരാതിയുണ്ടോ; ആരെങ്കിലും പരാതി പറഞ്ഞിട്ടുണ്ടോ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് പോൾ മുത്തൂറ്റ് വധക്കേസിൽ ഈ വിജിലൻസ് ഡയറക്ടറെ എത്രമാത്രം പ്രകീർത്തിച്ചുകൊണ്ട് ഇവിടെ സംസാരിച്ചിട്ടുണ്ട്. അത് സഭാ രേഖകളിലുണ്ടല്ലോ. ഇത്രയും നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു അന്വേഷണവും നടന്നിട്ടില്ല എന്ന് അഭിമാനപൂർവ്വം എനിക്ക് പറയാൻ കഴിയും. ആ നിലയിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ശ്രീ. എസ്. ശർമ്മ കുറ്റപത്രം കൊടുക്കുന്നുവെന്ന് പറഞ്ഞു. സി.ആർ.പി.സി. 173 അനുസരിച്ച് ഒരു അന്വേഷണം നടത്തി അതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടാണ് കൊടുക്കുന്നത്. ഇതിൽ കുറ്റപത്രം സമർപ്പിച്ചു എന്നുള്ള വാദം ശരിയല്ല. അന്വേഷണം പൂർത്തിയാകുമ്പോൾ മാത്രമേ റിപ്പോർട്ടിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സി.ആർ.പി.സി. 173 അനുസരിച്ചുള്ള റിപ്പോർട്ട് കൊടുക്കുമ്പോഴേ നമുക്ക് അതിനെ സംബന്ധിച്ചുള്ള വസ്തുതകൾ

മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ അന്വേഷണം നിഷ്പക്ഷവും നീതിപൂർവ്വവുമായാണ് നടക്കുന്നത്. ഈ കേസ് അട്ടിമറിക്കാൻ ആരും ശ്രമിക്കുന്നില്ല. ഗവൺമെന്റ് ഒരു ഘട്ടത്തിലും ഇടപെടുന്നില്ല. ശ്രീ. എസ്. ശർമ്മയുടെ പ്രസ്താവന കേട്ടപ്പോൾ പരസ്പര വിരുദ്ധമായിട്ടാണ് പറയുന്നതെന്നാണ് എനിക്ക് തോന്നിയത്. ഒരുഭാഗത്ത് സർക്കാർ ഇടപെടണമെന്നും അറസ്റ്റ് ചെയ്യണമെന്നും പറയുമ്പോൾ മറുഭാഗത്ത് സർക്കാർ ഇടപെടാൻ പാടില്ലെന്നും സ്വതന്ത്രമായി അന്വേഷിക്കണമെന്നും പറയുന്നു. ഇങ്ങനെ പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പ്രതിപക്ഷത്തുനിന്ന് ഉന്നയിക്കുന്നത്. ഈ അന്വേഷണം നിഷ്പക്ഷമായിട്ടാണ് മുന്നോട്ട് കൊണ്ടുപോകുന്നത്.

മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കുമെന്നതിൽ ഒരു സംശയവും വേണ്ട, മാണി സാർ  ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കും. ഭൂരിപക്ഷമുള്ള ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയാണെങ്കിൽ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കും. ഞങ്ങളിവിടെ ഓട് പൊളിച്ച് വന്നവരല്ല. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ആളുകളാണ് ഇവിടെ ഇരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് ശ്രീ. കെ. എം. മാണിസാർ തന്നെ ഈ നിയമസഭയിൽ അവതരിപ്പിക്കും. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട

ആവശ്യമില്ല.

**വ്യക്തിപരമായ വിശദീകരണം**

<u>ശ്രീ. ജെയിംസ് മാത്യൂ എം.എൽ.എ.യുടെ ജയിൽശിക്ഷ</u>

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, എന്റെ പേരിൽ ശ്രീകണ്ഠാപുരം സർക്കിൾ ഇൻസ്പെക്ടർ രേഖപ്പെടുത്തിയ എഫ്.ഐ.ആർ.ന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ആന്റിസിപ്പേറ്ററി ബെയിലിന് സമീപിച്ചപ്പോൾ ഹൈക്കോടതി നടത്തിയ പരാമർശത്തെ സംബന്ധിച്ച് ഞാൻ പറയുന്നില്ലെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ആവർത്തിച്ചു. അദ്ദേഹം പറയട്ടെ. ആന്റിസിപ്പേറ്ററി ബെയിൽ കൊടുത്തപ്പോൾ ഹൈക്കോടതി ജെയിംസ് മാത്യുവിനെക്കുറിച്ച് മാത്രമല്ല ഈ പരാമർശം നടത്തിയിട്ടുള്ളത്, സരിതാ കേസിൽ മുഖ്യമന്ത്രിയെക്കുറിച്ചും നടത്തിയ പരാമർശം.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്......അതുപാടില്ല. അങ്ങയുടെ കാര്യം മാത്രം പറയാം. മറ്റ് കാര്യങ്ങളിലേയ്ക്ക് പോകാൻ പറ്റില്ല. വ്യക്തിപരമായി എന്നെ പരാമർശിച്ചു, അതുകൊണ്ട് സംസാരിക്കണമെന്നാണ് അങ്ങ് എനിക്ക് എഴുതിത്തന്നത്. അതിനാണ് അങ്ങയെ അനുവദിച്ചിട്ടുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് പോകാൻ പാടില്ല.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, അതുതന്നെയാണ് പറയാൻ പോകുന്നത്. ആന്റിസിപ്പേറ്ററി ബെയിൽ നിഷേധിച്ചുകൊണ്ട് കോടതി പറഞ്ഞത് കസ്റ്റോഡിയൽ ഇന്ററോഗേഷൻ ആകാം. എന്താണ് കസ്റ്റോഡിയൽ ഇന്ററോഗേഷൻ എന്ന് അറിയാത്തവരായി ഈ സഭയ്ക്കകത്ത് ഒരു അംഗമെങ്കിലുമുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസം 27-ാം തീയതി ഉച്ചയ്ക്ക് 2.15 മണിക്ക് ഞാൻ പോലീസ് സ്റ്റേഷനിൽ ഹാജരായി. 2.15 മണിമുതൽ രാത്രി 8.15 മണിവരെ എന്നെ ചോദ്യം ചെയ്തു. 2.15 മണിമുതൽ രാത്രി 8.15 മണിവരെ 6 മണിക്കൂർ കസ്റ്റോഡിയൽ ഇന്ററോഗേഷൻ ഈ ഗവൺമെന്റ് എന്നെ നടത്തിയില്ലേ; പോലീസ് നടത്തിയില്ലേ; എന്നിട്ട് മജിസ്ട്രേറ്റിന്റെ മുൻപാകെ ഹാജരാക്കി എന്നെ റിമാന്റ് ചെയ്യണമെന്നാവശ്യപ്പെട്ടു. കസ്റ്റോഡിയൽ ഇന്ററോഗേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞാൽ എന്നെ റിമാന്റ് ചെയ്യണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? എന്നെ റിമാന്റ് ചെയ്തതിനുശേഷം വീണ്ടും ഒരിക്കൽക്കൂടി പോലീസ് എന്നെ കസ്റ്റഡിയിൽ ആവശ്യപ്പെട്ടോ; എന്നെ ചോദ്യം ചെയ്യണമെന്ന് പോലീസ് പറഞ്ഞോ; എന്നെ ഒരു വാക്കെങ്കിലും ചോദ്യം ചെയ്തോയെന്ന് പറയണം. 6 മണിക്കൂർ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ മുൻപിൽ ഈ കേരള നിയമസഭയിലെ ഒരംഗമായ ഞാൻ ഹാജരായി. ഹൈക്കോടതി എന്റെ ജാമ്യം

നിഷേധിച്ചതിന്റെ അടിസ്ഥാനത്തിൽ 6 മണിക്കൂർ ഞാൻ വിശദീകരണം കൊടുത്തു. അതിനുശേഷം ഒരു മിനിട്ടുപോലും ആ പോലീസ് എന്നെ ചോദ്യം ചെയ്യണമെന്ന് കോടതിയിൽ ആവശ്യപ്പെട്ടിട്ടില്ല. എന്തിനാണ് എന്നെ ഒരാഴ്ചക്കാലം ജയിലിലടച്ചത്; എന്ത് ന്യായത്തിന്റെ പേരിലാണ്; എന്ത് അടിസ്ഥാനത്തിന്റെ പേരിലാണ്? അത് ഹൈക്കോടതി ജാമ്യം നിഷേധിച്ചതിന്റെ പേരിൽ ഒരു അടിസ്ഥാനവും അതിനില്ല. പക്ഷേ, ഇവിടെ ചിലർ ഇരിക്കുന്നുണ്ട്, നിങ്ങൾ ആലോചിക്കണം. ഒരു രാത്രികൊണ്ട് നേരം പുലരില്ല. ഒരു ഗവൺമെന്റുകൊണ്ട് ഈ ചരിത്രം അവസാനിക്കില്ല. ഇതിനെല്ലാം ഒരു കാലവും ചരിത്രവും നിങ്ങളെക്കൊണ്ട് പഠിപ്പിക്കും. ഒരു ദിവസമല്ല, നൂറ് ദിവസം, നൂറ് കൊല്ലം ആയുസ്സുണ്ടെങ്കിൽ അത്രയും കിടക്കാൻ തയ്യാറാണ്. ഒരു എം.എൽ.എ.യ്ക്ക് അനുവദനീയമായ യാതൊരു ആനുകൂല്യവും പേറാതെ ഒരു സാധാരണ തടവുകാരനെപ്പോലെ അവിടെ കഴിയാനുള്ള മനസ്സ് എനിക്കുണ്ട്. ആ മനസ്സ് ശ്രീ. കെ. എം. മാണിക്കുണ്ടോ; ഉണ്ടെങ്കിൽ പോയി കിടക്ക്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്കുണ്ടോ; ഉണ്ടെങ്കിൽ പോയി കിടക്ക്. ഞാൻ അന്തസ്സോടെ കിടക്കും. അത് നിങ്ങൾ മനസ്സിലാക്കിയാൽ മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരാണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്ചുതാനന്ദൻ): സർ, ബാർ കോഴ, ബാർ കോഴ, കോഴ മാണി, കോഴ മാണി, അഴിമതി മന്ത്രിസഭ, അഴിമതി മന്ത്രിസഭ എന്ന് കേട്ടു തുടങ്ങിയിട്ട് നാളുകളെത്രയായി. കോഴ വാങ്ങിയതും സ്വന്തം കീശ വീർപ്പിച്ചതും ശ്രീ. കെ. എം. മാണിയാണെങ്കിലും ഇതിന്റെ നാണക്കേട് കേരളം ഒന്നടങ്കമാണ് നേരിടുന്നത്. ശ്രീ.കെ.എം.മാണിയ്ക്ക് ഇതിൽ വലിയ നാണമൊന്നും തോന്നുന്നുണ്ടാവില്ല. കാരണം, ശ്രീ. കെ. എം. മാണി കഴിഞ്ഞ 50 കൊല്ലമായി നടത്തിക്കൊണ്ടിരിക്കുന്ന കാര്യം ഇത്തവണയും ആഘോഷപൂർവ്വം നടത്തുകയാണ് ചെയ്തത്. പണ്ട് ഇതൊന്നും ആരും അറിഞ്ഞിരുന്നില്ല, ഇപ്പോൾ ജനങ്ങൾ തിരിച്ചറിയുകയും മാണിയുടെ കള്ളം വെളിച്ചത്താകുകയും ചെയ്തു. പക്ഷേ ശ്രീ.കെ.എം.മാണി ഇങ്ങനെ സമാധാനിച്ചാലും സാക്ഷര സുന്ദര കേരളം തെരുവിൽ വിസ്തരിക്കപ്പെടുന്ന അവസ്ഥയിലാണ് എത്തിപ്പെട്ടിരിക്കുന്നത്. ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്തിട്ട് ആരാണ് മൂക്കത്ത് വിരൽ വയ്ക്കാതിരിക്കുക? ശ്രീ.കെ.എം.മാണി കോഴ വാങ്ങിയതിനെപ്പറ്റി ബാർ ഉടമ ശ്രീ.ബിജു രമേശാണ്

മാലോകരോട് ആദ്യം പറഞ്ഞതെങ്കിലും അതിന് മുമ്പേ ഇക്കാര്യങ്ങളെല്ലാമറിയാവുന്ന ചിലരുണ്ടിവിടെ. അവർ ഇപ്പോൾ അപ്പുറത്ത് കള്ളച്ചിരിയിലൊതുങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട നമ്മുടെ മുഖ്യമന്ത്രി യുടെയും ചീഫ് വിപ്പിന്റെയും മുഖത്തേയ്ക്കൊന്ന് നോക്കണം. ചീഫ് വിപ്പ് ഇപ്പോഴും എപ്പോഴും സത്യം മാത്രം പറയുന്ന ആളും മുഖ്യമന്ത്രിയാണെങ്കിലോ ഒരിക്കലും സത്യം പറയരുതെന്ന് പ്രതിജ്ഞയെടുത്തിട്ടുള്ള ആളുമാണല്ലോ. എന്നാലും ശ്രീ.കെ.എം. മാണിയുടെ കോഴ വിഷയത്തിൽ ഇവർക്ക് രണ്ട് പേർക്കും ഒരു സംശയവുമില്ല. പക്ഷേ ഈ കാര്യങ്ങളെല്ലാം അവർ ഇപ്പോൾ ഇവിടെ പറയുന്നില്ല എന്ന് മാത്രമേയുള്ളൂ. സർക്കാർ താഴെ വീണാലോയെന്ന ഭയമാണവർക്ക്. 'ഉദരനിമിത്തം ബഹുകൃത വേഷം' എന്ന് ഞങ്ങളുടെ അമ്പലപ്പുഴക്കാരൻ കുഞ്ചൻ നമ്പ്യാർ പാടിയത് എത്ര അർത്ഥവത്താണ്. ശ്രീ. കെ.എം. മാണി കോഴ വാങ്ങിയെന്ന് ഉറപ്പിച്ച് പറയുന്നത് ശ്രീ.ബിജു രമേശോ, പ്രതിപക്ഷമോ മാത്രമാണോ? ശ്രീ.കെ.എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയുമൊക്കെ നിയന്ത്രിക്കുന്ന, അവരുടെ കീഴിൽ പണിയെടുക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ തയ്യാറാക്കിയ എഫ്.ഐ.ആർ-ൽ അല്ലേ ഈ കാര്യങ്ങളെല്ലാം അടിവരയിട്ട് പറയുന്നത്. എന്താണ് വിജിലൻസ് പോലീസ് സൂപ്രണ്ട് സമർപ്പിച്ച എഫ്.ഐ.ആർ-ൽ പറയുന്നത്? ബാർ ഹോട്ടൽ

അസോസിയേഷൻ അംഗങ്ങളിൽ ചിലർ പറഞ്ഞത് അംഗങ്ങളിൽ നിന്ന് പിരിക്കുന്ന തുക ശ്രീ. കെ. എം. മാണിക്ക് നൽകാനാണെന്ന് അറിയാമായിരുന്നുവെന്നാണ്. അങ്ങനെ സമാഹരിച്ച പണം ശ്രീ.കെ.എം.മാണിക്ക് കൈമാറുമ്പോൾ തങ്ങൾ ശ്രീ.കെ.എം. മാണിയുടെ വീട്ടിന്റെ ചുറ്റുവട്ടത്തിൽ ഉണ്ടായിരുന്നതായും ബാർ ഹോട്ടൽ ഉടമകളിൽ ചിലർ പറഞ്ഞിട്ടുണ്ട്. എന്നു മാത്രമല്ല, 02.04.2014-ൽ പണം ശ്രീ.കെ.എം.മാണിക്ക് കൈമാറുന്നത് താൻ നേരിട്ട് കണ്ടതായും അതിന് സാക്ഷിയായ ഒരു ബാർ ഹോട്ടൽ ഉടമ പറഞ്ഞിട്ടുണ്ട്. ഇത്രയും കാര്യങ്ങൾ പോലീസിന്റെ എഫ്.ഐ.ആർ-ൽ പറഞ്ഞിട്ടുള്ളതാണ്. ആ എഫ്.ഐ.ആർ-ന്റെ കോപ്പി ഇതാ എന്റെ കൈവശമുണ്ട്. (കോപ്പി ഉയർത്തിക്കാണിച്ചു) ഇതാണ് ശ്രീ.കെ.എം. മാണിയും മാണിയുടെ ചാവേറുകളായി വരുന്നവരുമൊക്കെ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു കള്ളു കച്ചവടക്കാരൻ ശ്രീ.കെ.എം. മാണിക്കെതിരെ വസ്തുതാ വിരുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കുന്നുവെന്നാണ്. അതിന്റെ പേരിൽ ആഴ്ചകൾ ആറ്റുനോറ്റിരുന്ന് മുഹൂർത്തമെല്ലാം നോക്കി ഒരു വക്കീൽ നോട്ടീസ് അയച്ച് 10 കോടി രൂപയാണ് അദ്ദേഹം നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിരിക്കുന്നത്. ആ വക്കീൽ നോട്ടീസിൽ ആരോപണമുന്നയിച്ച ശ്രീ ബിജു രമേശ് അയാളുടെ മറുപടിയിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ശ്രീ.കെ.എം. മാണി കോഴ

വാങ്ങിയെന്ന ആരോപണത്തിൽ ഞാൻ ഉറച്ച് നിൽക്കുന്നുവെന്ന് ജോർ ജോറായി മറുപടിയും നൽകി. ഇതിന് ശേഷം പലരും പലതും ആലോചിച്ചു. സാധാരണയായി നമ്മുടെ നാട്ടിൽ മാനഹാനി ഉണ്ടാക്കുന്ന ഒരു കാര്യം ഒരാൾ പറയുകയോ എഴുതുകയോ ചെയ്താൽ രണ്ടാഴ്ചക്കുള്ളിലോ പരമാവധി ഒരു മാസത്തിനുള്ളിലോ അത് പിൻവലിച്ച് ഖേദം പ്രകടിപ്പി ച്ചില്ലെങ്കിൽ സിവിലായും ക്രിമിനലായും ഇത്ര തുക നഷ്ടപരിഹാരമാവശ്യപ്പെട്ട് കേസ് ഫയൽ ചെയ്യുകയാണ് ആത്മാഭിമാനമുള്ളവരൊക്കെ മലയാള നാട്ടിൽ ചെയ്യുന്നത്. എന്നാൽ ശ്രീ.കെ.എം. മാണി ഇങ്ങനെയെന്തെങ്കിലുമൊരു കേസ് ഫയൽ ചെയ്തതായി നമ്മളാരും കേട്ടിട്ടില്ല. ഒരു കേസ് ഫയൽ ചെയ്ത് വാസ്തവ വിരുദ്ധമായ ആരോപണമുന്നയിച്ച ശ്രീ.ബിജു രമേശിന് ശിക്ഷവാങ്ങി ക്കൊടുത്താൽ പോരായിരുന്നോ? 'നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം' എന്ന് പറയുന്നതുപോലെ ശ്രീ.കെ.എം.മാണിക്ക് ഒറ്റയടിക്ക് രണ്ട് കാര്യങ്ങൾ നേടാനും വസ്തുതാ വിരുദ്ധമായ ആരോപണങ്ങളിൽ നിന്ന് അഗ്നിശുദ്ധി നേടി തിരിച്ച് വരാമായിരുന്നില്ലേ? മാത്രമല്ല, ശ്രീ.ബിജു രമേശിന്റെ പക്കൽ നിന്നും 10 കോടി രൂപ നഷ്ടപരിഹാരമായി കിട്ടുകയും ആ 10 കോടി രൂപ കൊണ്ട് ഇനിയുള്ള വർഷങ്ങളിലെങ്കിലും കോഴ വാങ്ങാതിരിക്കാനും കഴിയുമായിരുന്നില്ലേ? എന്തേ മിസ്റ്റർ കെ.എം.മാണീ ഇത് ചെയ്യാതിരുന്നത്? ശ്രീ. പി.സി.ജോർജ്

എങ്കിലും ഈ ബുദ്ധി ശ്രീ.കെ.എം. മാണിക്ക് പറഞ്ഞ് കൊടുക്കാതിരുന്നത് എന്തേ? ശ്രീ.കെ.എം. മാണിയ്ക്ക് ഇത് ചെയ്യാൻ ചങ്കുറ്റമുണ്ടോ? ശ്രീ.കെ.എം. മാണിയെ ക്കൊണ്ട് ഇത് ചെയ്യിക്കാൻ ശ്രീ.പി.സി.ജോർജിന് ധൈര്യമുണ്ടോ? ഇല്ല. ശ്രീ.കെ.എം. മാണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി.സി.ജോർജുമൊക്കെ ദൈവ വിശ്വാസികളല്ലേ. വിശ്വാസികൾ ഇങ്ങനെ കള്ളത്തരം കാണിക്കണോ, കള്ളത്തരങ്ങളെ വെള്ള പൂശുന്നത് ഏത് വിശ്വാസിയാണ് അംഗീകരിക്കുന്നത്. ശ്രീ.കെ.എം.മാണിയും ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ.പി.സി.ജോർജുമൊക്കെ വിശുദ്ധ ഗ്രന്ഥം നന്നായി വായിച്ച് പഠിച്ചിട്ടുള്ളവരല്ലേ. അതിൽ മത്തായിയുടെ സുവിശേഷത്തിൽ നിന്നും ഒരു വാചകമുദ്ധരിക്കാം. ' ഒരു മനുഷ്യൻ ഈ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവ് നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനമെന്നാണ് പറയുന്നത്. മത്തായിയുടെ സുവിശേഷം അദ്ധ്യായം 16 വാക്യം 26 - ൽ പറയുന്നതാണ് ഇത്. സംശയമുണ്ടെങ്കിൽ നോക്കിക്കോളൂ. വചനം സത്യമായി അനുഭവപ്പെടുന്ന ഒരു കാലം വരും മിസ്റ്റർ മാണി. കെടാത്ത തീയും ചാകാത്ത പുഴുവും നിറഞ്ഞ നരകത്തിൽ മാണി വീണു പോകുന്നത് എനിക്ക് ഓർക്കാൻ പോലും കഴിയുന്നില്ല. കെടാത്ത തീയും ..........ചാകാത്ത പുഴുവും........ അതുകൊണ്ട് മി. മാണി മന്ത്രി സ്ഥാനം രാജിവച്ച് പോയി ഈ മഹാ

അപരാധങ്ങളെല്ലാം ഏറ്റുപറഞ്ഞ് പാപത്തിൽ നിന്നും കരകയറാൻ ശ്രമിക്കണം. ശ്രീ. ഉമ്മൻ ചാണ്ടിയും ഈ കാര്യങ്ങളെല്ലാം ഓർക്കുന്നത് നല്ലതാണ്. അതാണ് ചരിത്രം നിങ്ങളെ പഠിപ്പിക്കുന്നത്. മി. മാണിക്ക് റോമാ സാമ്രാജ്യത്തിലെ ജൂലിയസ് സീസറിന്റെ കഥ അറിയാമെന്നാണ് ഞാൻ കരുതുന്നത്. ജൂലിയസ് സീസറിനെ അവസാനം കുത്തിക്കൊന്നത് സീസറിന്റെ ഏറ്റവും വിശ്വസ്തനായ ബ്രൂട്ടസ് ആയിരുന്നില്ലേ? മാണി ഓർക്കുന്നില്ലെ; 'ബ്രൂട്ടസെ നീയും' എന്ന പ്രയോഗമൊക്കെ അങ്ങനെ വന്നതല്ലെ? മാണിക്കു ചുറ്റും ചില ബ്രൂട്ടസ്സുമാർ ഉണ്ടെന്ന് ഓർക്കുന്നത് നല്ലതാണ്. ഞാൻ ഇത് പറഞ്ഞപ്പോൾത്തന്നെ അപ്പുറത്തിരിക്കുന്ന ചിലരുടെ ഉള്ളിൽ ഒരു ചെറുപുഞ്ചിരി പടരുന്നുണ്ട്. പക്ഷേ, അവരുടെ പേരൊന്നും പറഞ്ഞ് ഞാൻ അവരെ മഹത്വവൽക്കരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇതെല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവർ അതൊക്കെ തീരുമാനിക്കട്ടെ. സീസറിനെ കൊന്നതിന് അന്ന് ബ്രൂട്ടസ് പറഞ്ഞ ന്യായം സീസറിനോട് സ്നേഹമില്ലാതിരുന്നതുകൊണ്ടല്ല, സീസറിനേക്കാൾ കൂടുതൽ റോമിനെ സ്നേഹിക്കുന്നത് കൊണ്ടാണെന്നാണ്. ഒടുവിൽ മാണിയുടെ പതനം ഉണ്ടാകുമ്പോൾ ഇവിടുത്തെ ബ്രൂട്ടസ്സുമാർക്കും ഇത്തരത്തിൽ ന്യായം പറയാൻ കഴിഞ്ഞെന്നുവരും. മാണിയോട് സ്നേഹമില്ലാത്തതുകൊണ്ടല്ല മറിച്ച് മാണിയേക്കാളും കൂടുതൽ

യു.ഡി.എഫ്.-നെ സ്നേഹിക്കുന്നത് കൊണ്ടാണ് മാണിയെ കുത്തിമലർത്തി എന്നുപറയുന്ന അവസ്ഥയും ഉണ്ടായാൽ അത്ഭുതമില്ല. കൈക്കൂലി കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യപ്പെട്ട മാണിക്ക് എങ്ങനെ ഇവിടെ ഇരിക്കാൻ കഴിയും? ഞങ്ങളുടെ ഒരു എം.എൽ.എ.-യുടെ പേരിൽ എഫ്.ഐ.ആർ. ഇട്ടു എന്നുപറഞ്ഞ് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചവരല്ലെ നിങ്ങൾ? ശ്രീ. ജെയിംസ് മാത്യുവിനോട് ഇങ്ങനെ കാട്ടിയ നിങ്ങൾ എന്തേ മാണിയുടെ കാര്യത്തിൽ ഇങ്ങനെ ചെയ്യാത്തത്? ഇതു രണ്ടും നീതിയാണോ? അനീതിയല്ലേ? ഇങ്ങനെ എന്തൊക്കെ പറഞ്ഞാലും മണിക്കോ ഉമ്മൻ ചാണ്ടിക്കോ ഒരുളുപ്പുമില്ലെന്ന് ഞങ്ങൾക്കറിയാം. അതുകൊണ്ടാണല്ലോ ഇത്തരത്തിലുള്ള ഒരു പ്രശ്നംപോലും സഭയിൽ ചർച്ച ചെയ്യാനോ ജനങ്ങൾ അറിയാനോ നിങ്ങൾ ആഗ്രഹിക്കാത്തത്. അതുകൊണ്ട് നിങ്ങളുടെ ഇത്തരം കള്ളത്തരങ്ങളിലും അതൊളിപ്പിച്ചുവയ്ക്കാനും അതിൽ നിന്ന് രക്ഷപ്പെടാനും വേണ്ടി ഈ പ്രശ്നം ചർച്ചയ്ക്കുപോലും എടുക്കില്ല എന്ന നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി) : സർ, അന്തിക്രിസ്തു ജനിക്കും എന്നൊരു ചൊല്ലുണ്ട്. ഇവിടെ ശ്രീ. വി.എസ്-ന്റെ ഈ സംസാരം കേട്ടപ്പോൾ അന്തിക്രിസ്തുവിനെയാണ് ഞാൻ ഓർക്കുന്നത്. അതുകൊണ്ട് ഞാൻ ഇതിനെ നിഷേധിക്കുകയാണ്. ...... ബൈബിളിലുള്ളത് ഉദ്ധരിക്കുകയാണ്. 'ചെകുത്താൻ വേദമോതും' എന്നൊരു ചൊല്ലുമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ...ബഹളം....ബഹളം..........പ്ലീസ്......(ശ്രീ. സി. ദിവാകരൻ)

ശ്രീ. സി. ദിവാകരൻ : ബഹുമാനപ്പെട്ട സ്പീക്കർ, ആദ്യമേ എന്റെ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. വാക്കൗട്ട് പ്രസംഗം നടത്താൻ എഴുന്നേറ്റപ്പോഴാണ് അങ്ങ് മന്ത്രിക്ക് സമയം കൊടുത്തത്. മന്ത്രി മറുപടി പറഞ്ഞു. അടിയന്തരപ്രമേയത്തിന് മന്ത്രിമാർ ഒന്നിലധികം തവണ മറുപടി പറയുമോ? ഇത് എവിടത്തെ നടപടിക്രമമാണ്? അങ്ങ് സഭയിൽ പഴക്കം ചെന്ന ഒരാളല്ലേ? അങ്ങ് സമനില തെറ്റി എന്താണ് സംസാരിക്കുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്...യെസ്...പ്ലീസ്....പ്ലീസ്.

ശ്രീ. സി. ദിവാകരൻ : സർ, ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സമനില തെറ്റിയതിൽത്തന്നെ അദ്ദേഹം കുറ്റവാളി ആണെന്നുള്ള തിന് ഇനി വലിയ

തെളിവൊന്നും വേണ്ട. അദ്ദേഹം നിരപരാധിയല്ല എന്ന് അദ്ദേഹംതന്നെ തെളിയിക്കുകയാണ്. ഈ അടിയന്തര പ്രമേയത്തിൽ ഞാൻ ഉന്നയിച്ചിട്ടുള്ളത്......

ശ്രീ. ടി. എൻ. പ്രതാപൻ : സർ, പോയിന്റ് ഓഫ് ഓർഡർ....

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട സി.പി.ഐ.-യുടെ കക്ഷി നേതാവ് ഇറങ്ങിപ്പോക്കിനുവേണ്ടി സംസാരിക്കുന്നതിനിടയിൽ ഈ മന്ത്രിസഭയിലെ ഒരംഗത്തെ സംബന്ധിച്ച് സമനില തെറ്റി എന്നു പറയുന്നത് ഓർഡറിലാണോ, അത് സഭാ രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ടി. എൻ. പ്രതാപൻ പ്ലീസ്....പ്ലീസ്....... (ബഹളം).........നിങ്ങൾ ധൈര്യമായിട്ട് പൊയ്ക്കോ ഇവിടെ ആരും സംസാരിക്കുകയില്ല. ...ബഹുമാനപ്പെട്ട ദിവാകരൻ......

ശ്രീ. സി. ദിവാകരൻ : അടിയന്തരപ്രമേയത്തിൽ ഞങ്ങൾ അതീവ ഗുരുതരമായ ചില വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ടായിരുന്നു. അതിന് മറുപടി പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അവസാനം ഒരു വെല്ലുവിളിയാണ് നടത്തിയത്. നിർഭാഗ്യകരമായ വെല്ലുവിളിയാണ്. പ്രതിപക്ഷം ജനാധിപത്യ അവകാശമനുസരിച്ച് നിങ്ങളുടെ ഒരു മന്ത്രിയെക്കുറിച്ച് ഈ

കേരളമാകെ പറയുന്ന ഒരു ആക്ഷേപം, അതിന്റെ സത്യാവസ്ഥ, അതിന്റെ നടപടിക്രമങ്ങൾ തുടരണമെന്നുള്ള അടിയന്തരപ്രമേയം കൊണ്ടുവന്നാൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അതിൽ രാഷ്ട്രീയമായി വെല്ലുവിളിക്കാൻ അങ്ങേക്ക് ജനാധിപത്യത്തിൽ എന്താണ് അവകാശം? ഒരവകാശവുമില്ല. ഇത് നിർഭാഗ്യകരമാണ്. 11-12-14-ൽ രജിസ്റ്റർ ചെയ്ത കേസ് 42 ദിവസം അന്വേഷണം നടത്തി 27 സാക്ഷികളെ വിസ്തരിച്ചു. അതിനുശേഷമാണ് എഫ്.ഐ.ആർ. കൊടുത്തത്. ഇത്രയും ദീർഘമായ നടപടികൾ കഴിഞ്ഞപ്പോൾ യഥാർത്ഥത്തിൽ ഈ കോഴ അടിസ്ഥാനരഹിതമാണെങ്കിൽ ആ കേസ് അവിടെ അവസാനിപ്പിക്കാമായിരുന്നു. കോഴ വാങ്ങി എന്നുള്ളത് സംശയാതീതമായി തെളിഞ്ഞതുകൊണ്ടാണ് എഫ്.ഐ.ആർ. ഇട്ടത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു എഫ്.ഐ.ആർ. ഇട്ടാൽ നിങ്ങൾ സുപ്രീം കോടതിയുടെ ജഡ്ജ്മെന്റ് റഫറൻസിൽ 42 ദിവസം എടുത്തു. ഞങ്ങൾ അതിനെ ചോദ്യം ചെയ്യുന്നില്ല. എന്നാൽ 42 ദിവസം കഴിഞ്ഞ് എഫ്.ഐ.ആർ. എടുത്തിട്ട് എന്തുകൊണ്ടാണ് വീണ്ടും ഒരു കാലതാമസം? എന്തുകൊണ്ടാണ് ഈ ജെയിംസ് മാത്യുവിന് ഇതിന്റെ കസ്റ്റോഡിയൽ ഇന്ററോഗേഷൻ നടത്തിയിട്ട് ശ്രീ. കെ.എം. മാണിയെ അറസ്റ്റ് ചെയ്ത് എന്തുകൊണ്ട് ചോദ്യം ചെയ്യുന്നില്ല?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ക്വിക്ക് വെരിഫിക്കേഷൻ മാത്രമേ ടൈം പ്രിസ്ക്രൈബ് ചെയ്യുന്നുള്ളൂ. 41 ദിവസത്തിനകം അത് പ്രിസ്ക്രൈബ് ചെയ്തിട്ടുണ്ട്. പിന്നീട് വരുന്ന വിശദമായ അന്വേഷണത്തിന് ടൈം പ്രിസ്ക്രൈബ് ചെയ്തിട്ടില്ല. എത്രയും പെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കുമെന്നതാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള സമീപനം.

ശ്രീ. സി. ദിവാകരൻ : നിങ്ങളുടെ കാലാവധിക്കുമുമ്പ് മാണിയെ അറസ്റ്റ് ചെയ്യുമെന്ന് ഈ സഭയിൽ ഒരുറപ്പ് പറയാമോ? ഈ കേസ് ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പെങ്കിലും അവസാനിപ്പിച്ച് നടപടി പൂർത്തിയാക്കുമോ? ഈ സഭയ്ക്ക് പറയാമോ? അതിന് അങ്ങ് മറുപടി പറയുന്നില്ല? രണ്ടാമത്തെ ഒരു കാര്യം, അങ്ങ് ഇതിന് മറുപടി പറഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ അടിയന്തരപ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് വർക്കിംഗ് പ്രസിഡന്റ് മന്ത്രിയുടെ അടുത്ത ബന്ധുവിന് 10 കോടി രൂപ വാഗ്ദാനം ചെയ്തുകൊണ്ടുള്ള വസ്തുതകൾ വെളിപ്പെടുത്തിയിരിക്കുന്നു എന്നാണ്. മന്ത്രി അതിനും മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട മാണിസാർ 10 കോടി രൂപ വീണ്ടും വേറൊരാളിന് കൊടുത്ത് ഈ കേസ് ഒതുക്കാൻ വേണ്ടി ഇടപെട്ടു എന്നാണ് നിയമസഭയിൽ അടിയന്തര പ്രമേയത്തിൽ ഞങ്ങൾ ഉന്നയിച്ചിരിക്കുന്ന ഏറ്റവും ഗുരുതരമായ ആക്ഷേപം.

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അങ്ങയോട് എനിക്ക് ബഹുമാനമുണ്ട്. അങ്ങ് ഒരു എഫ്.ഐ.ആർ.-ന് വിധേയനായ ഒരു കക്ഷിയുടെ വീട്ടിൽ എന്തിനാണ് സ്വകാര്യ സന്ദർശനം നടത്തിയത്? കേരളത്തിലെ പത്രമാധ്യമങ്ങൾ പുറത്തുകൊണ്ടുവന്ന ഈ വസ്തുത അങ്ങ് നിഷേധിക്കുന്നില്ലല്ലോ? ഒരു മന്ത്രി എന്നുള്ള നിലയിൽ അങ്ങ് ചോദ്യം ചെയ്യാൻ പോയതാണോ? അങ്ങ് എന്തിനാണ് സംശയാസ്പദമായ സാഹചര്യത്തിൽ ഒരു കേസ്സിൽ എഫ്.ഐ.ആർ. ഇട്ടതിനുശേഷം അതിന് കുറ്റവാളിയെ അറസ്റ്റ് ചെയ്യണമോ വേണ്ടയോ എന്നുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനുമുമ്പ് കേരളത്തിലെ എല്ലാ അന്വേഷണങ്ങളുടെയും കസ്റ്റോഡിയനായ ആഭ്യന്തര വകുപ്പുമന്ത്രി സംശയത്തിന്റെ മുൾമുനയിൽ നിൽക്കുന്ന ഒരു മന്ത്രിയുടെ വീട്ടിൽ സന്ദർശനം നടത്തിയത് കേരളത്തിനോട് ന്യായം പറയാൻ കഴിയുന്നതാണോ? കേരളത്തിലെ .......ശ്രീ. പി. സി. ജോർജ് നമ്മൾ തമ്മിൽ ഒരു കാര്യം വേണ്ട. അങ്ങ് പറഞ്ഞത് രാജ്യത്തുള്ളവരെ വിഡ്ഢികളാക്കുവാനാണ്. അങ്ങ് പറഞ്ഞത് 100 കോടി രൂപ പിരിച്ച് ബാക്കി എവിടെ പോയി എന്നാണ്. അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ നിഷേധിക്കണം.

ശ്രീ. പി. സി. ജോർജ്: 100 കോടി 1000 കോടി രൂപ എന്ന് പറയുന്നതിനൊക്കെ ഒരു വിലയില്ലേ? ശ്രീ. കെ. എം. മാണിക്ക് ബിജു രമേശ് കാശ്

കൊടുത്തുവെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. നിങ്ങൾ ഒരു കോടി രൂപ എന്ന് പറയുന്ന ആരോപണത്തെയാണ് ഞാൻ മാറ്റി വയ്ക്കാൻ പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. പി. സി. ജോർജ് പറയുന്നത് ശരിയാണ്. ഒരു കോടി രൂപ മാറ്റിവച്ചാൽ ബാക്കി എത്രയാണെന്നാണ് അദ്ദേഹം ചോദിക്കുന്നത്. എത്ര കോടി രൂപ കൊടുത്തിട്ടുണ്ട് എന്നുള്ള കാര്യം ഞങ്ങൾക്കറിയില്ല. കോടി കൊടുത്തത് ബിജു രമേശാണ്. ബിജു രമേശ്, ശ്രീ. കെ. എം. മാണിയെ വെല്ലുവിളിച്ചു. ഞാൻ നുണപരിശോധനയ്ക്ക് തയ്യാറാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നുണപരിശോധനയ്ക്ക് തയ്യാറുണ്ടോ? ആരോപണം ഉന്നയിച്ചവൻ നെഞ്ച് നിവർന്നുനിന്ന് കേരളത്തോട് പറയുന്നു ഞാൻ കൊടുത്തു, ഞാൻ ഏത് പരീക്ഷണത്തിനും തയ്യാറാണ്, നുണപരിശോധനയ്ക്ക് തയ്യാറാണെന്ന് അദ്ദേഹം വെല്ലുവിളിച്ചു. എന്നാൽ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി നുണപരിശോധനയ്ക്ക് തയ്യാറാണോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, deformation-ന് സാധാരണ ഗതിയിൽ കാരണം കിട്ടാതെ ലിമിറ്റേഷൻ ഒന്നും ആയില്ല. ഈ ഒരാഴ്ച്ചയ്ക്കകം അയാൾക്കെതിരെ ഞാൻ deformation-ന് കേസ് ഫയൽ ചെയ്യുന്നതാണ്. ഇത് തീരുമാനിച്ചു കഴിഞ്ഞിരിക്കുന്ന

കാര്യമാണ്.

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഇക്കാര്യം തന്നെയാണ് പറഞ്ഞത്. അങ്ങനെ ഒരു deformation കേസ്സും ധനകാര്യ വകുപ്പുമന്ത്രി കൊടുത്തിട്ടില്ല. അയാൾ വെല്ലുവിളിക്കുന്നു. ഞങ്ങൾക്ക് ഇത് അപമാനകരമാണ്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധി, കേരളത്തിന്റെ ഒരു മന്ത്രി, ആ മന്ത്രിക്കെതിരെ കഴിഞ്ഞ മൂന്നുമാസമായി ഒരു വ്യക്തിയുടെ ആക്ഷേപം നിരന്തരമായി ഉന്നയിക്കുന്നു, അത് സുപ്രീം കോടതിയിലേയ്ക്ക് പോകുന്നു, സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നു. ഒന്നുകിൽ, നിങ്ങൾ ആ കുറ്റം സമ്മതിക്കണം. അല്ലെങ്കിൽ അയാളെ അറസ്റ്റ് ചെയ്യണം. അനാവശ്യമായി തെളിവില്ലാതെ നിരപരാധിയായ ഒരു ധനകാര്യ വകുപ്പുമന്ത്രിയെ വഴിയെപോകുന്ന ആരെങ്കിലും കോഴ കൊടുത്തുവെന്ന് പറയുകയും നുണപരിശോധനയ്ക്ക് വെല്ലുവിളിക്കുകയും ചെയ്തിട്ട് മൂന്നുമാസമായി. ഇപ്പോഴാണോ നിങ്ങൾ അപമാനപ്പെട്ടുവെന്ന് തോന്നി കേസ് കൊടുക്കാൻ തീരുമാനിക്കുന്നത്? ഇത് ലജ്ജാകരമല്ലേ? അങ്ങ് ഇതിൽ കുറ്റവാളിയാണെന്ന് കേരളസമൂഹത്തിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഗുരുതരമായി ഒരു മന്ത്രിക്കെതിരെ ആരോപണങ്ങൾ, വീണ്ടും ആരോപണങ്ങൾ, തെളിവുകൾ, സാക്ഷികൾ, കോടതികൾ, വെല്ലുവിളി എന്നിവ നടത്തിയശേഷം യാതൊരു

മറുപടിയുമില്ലാതെ ഇപ്പോൾ ഞങ്ങൾ ഉന്നയിച്ചപ്പോൾ പറയുകയാണ്, അദ്ദേഹത്തിന്റെ പേരിൽ മാനനഷ്ടത്തിന് കേസ്സുകൊടുക്കുമെന്ന്. മാനനഷ്ടത്തിന് നോട്ടീസ് അയച്ചല്ലോ, അയാൾ നിഷേധിച്ചല്ലോ, അതിന് മറുപടിയില്ലല്ലോ? ശ്രീ. കെ. എം. മാണി രാജിവയ്ക്കണം, ശ്രീ. കെ. എം. മാണിയുടെ പേരിൽ പോലീസ് കേസ്സെടുക്കണം, സമയബന്ധിതമായി അറസ്റ്റ് ചെയ്യണം. ഈ വിഷയം സംബന്ധിച്ച് കേരളം മുഴുവനും ചർച്ച ചെയ്യണം. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറും മൂന്നുമാസമായി ദൃശ്യമാധ്യമങ്ങളിൽ കാണുകയാണ്. ഈ വിഷയം അതീവ ഗുരുതരമല്ലേ? അദ്ദേഹത്തെ എല്ലാവരും കൂടി ഉപദേശിച്ച് രാജിവച്ച് മാറി നിൽക്കാൻ പറയണം. ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.യെപോലെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യണം. അതിന് അദ്ദേഹം തയ്യാറാകണം. അതിന് തയ്യാറാകാത്തതിലും ഈ വിഷയം ഇവിടെ ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ശ്രീ. ജെയിംസ് മാത്യുവിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളിപ്പോയതുകൊണ്ട് അദ്ദേഹത്തെ അറസ്റ്റുചെയ്ത് ജയിലിലടച്ചുവെന്നാണ് ഇവിടത്തെ ന്യായീകരണം. ഈ കേസിന് ഒരു മുൻകൂർ ജാമ്യാപേക്ഷപോലും കൊടുത്തിട്ടില്ല. നമ്മൾ എല്ലാം ആശ്രയിക്കുകയും പറയുകയും ചെയ്യുന്ന ലളിതകുമാരി കേസിൽ എഫ്.ഐ.ആർ. ഇടുന്നതും അറസ്റ്റുചെയ്യുന്നതും രണ്ടും രണ്ട് കാര്യങ്ങളാണെന്ന് പറയുന്നുണ്ട്. അതിനീചമല്ലാത്ത കേസുകളിൽ മുൻകൂർ ജാമ്യാപേക്ഷ കൊടുക്കാനുള്ള അവസരം കൊടുക്കണം. അത് അതിനീചമാണോ അല്ലയോ എന്നുള്ളത് നിങ്ങൾ തീരുമാനിച്ചു. എന്നുമാത്രമല്ല എല്ലാ ആഴ്ചയിലും അന്വേഷണ ഉദ്യോഗസ്ഥന്റെ മുന്നിൽ ഹാജരായി ഒപ്പിടുന്ന ആളുകളെ അറസ്റ്റ് ചെയ്യണമോ വേണ്ടയോ എന്നുള്ളത് അന്വേഷണ ഉദ്യോഗസ്ഥന് തീരുമാനിക്കാം. ലളിതകുമാരി കേസിൽ അതിനീചമല്ലാത്ത കേസുകൾ ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. പരിധിവിട്ട് ഒരു സംരക്ഷണം ഇക്കാര്യത്തിൽ ഉണ്ടാകുന്നുവെന്നുള്ളതുകൊണ്ടാണ് സഭയിലെ പ്രതിപക്ഷത്തിന് ഒരു നീതിയും ഭരണകക്ഷിയിലെ ഒരു നേതാവിന് മറ്റൊരു നീതിയും എന്ന ഒരു വിവേചനം ഇവിടെ ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷം നിർബന്ധിതരായത്. പണം കൊടുത്തുവെന്ന് പറയുന്ന ബിജു രമേശിനെ സ്വാധീനിക്കാൻ ചില ശ്രമങ്ങൾ നടന്നു

എന്നുള്ളതാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിന് ആധാരം. എന്തിനാണ് പണം? സർക്കാരിന്റെ പ്രഖ്യാപിത നയം തോൽപ്പിക്കാൻ വേണ്ടിയാണ്, അടച്ചിട്ടിരിക്കുന്ന ബാറുകൾ തുറന്നുകൊടുപ്പിക്കാൻ വേണ്ടിയാണ്. അത് അവിടെ നിൽക്കട്ടെ. 42 ദിവസമെടുത്ത് 27 സാക്ഷികളെ വിസ്തരിച്ച് എങ്ങനെയെങ്കിലും ഒഴിവാക്കാൻ പഴുതുണ്ടോയെന്ന് ഗവേഷണം നടത്തി പരാജയപ്പെട്ട് അവസാനം എഫ്.ഐ.ആർ. എടുത്തതിനുശേഷം ഈ കേസ്സന്വേഷണത്തിന് എന്ത് പുരോഗതിയാണുള്ളത്? ദിവസങ്ങളായി എന്താണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്? കേരള കോൺഗ്രസ്സ് എം.എൽ.എ. മാർ മുഖ്യമന്ത്രിയെ കണ്ട് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ശ്രീ. കെ. എം. മാണിയെ കുറ്റവിമുക്തനാക്കി ഒരു തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെട്ടത് പത്രങ്ങളിൽ വന്ന വാർത്തയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള കോൺഗ്രസ്സിന്റെ ഒരു എം.എൽ.എ.യും ഇക്കാര്യം ആവശ്യപ്പെട്ടിട്ടില്ല. ഇത് അടിസ്ഥാനരഹിതമാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞ കാര്യങ്ങളെല്ലാം രേഖയിൽനിന്നും മാറ്റി. എന്നാൽ പത്രങ്ങളിൽ വന്ന വാർത്ത ഇതാണ്. ഇവിടെ മതമേലദ്ധ്യക്ഷന്മാരും സാമുദായിക നേതാക്കന്മാരും ഈ കേസ്സിൽ

ഒരന്വേഷണം നടക്കുന്ന ഘട്ടത്തിൽ ഒരു പ്രതിയെ കുറ്റവിമുക്തനാക്കിയെന്ന് പ്രഖ്യാപിക്കുകയാണ്. വിജിലൻസ് അന്വേഷണം നടക്കുന്ന ഒരു കേസിൽ പ്രതി കുറ്റക്കാരനാണോ അല്ലയോ എന്ന് പറയാൻ ഇവിടത്തെ മതമേലദ്ധ്യക്ഷന്മാർക്ക്, സാമുദായിക നേതാക്കന്മാർക്ക് ആരാണ് അവകാശം കൊടുത്തത്? അതാണോ ഇവിടത്തെ നിയമവാഴ്ചയും നീതിബോധവും? ഒരു ഭരണഘടനയ്ക്ക് അതീതമായ ശക്തികളാണോ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്? കക്ഷികളെ സ്വാധീനിക്കാൻ ശ്രമിക്കുന്നു, എന്താണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്? യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടെങ്കിൽ ഞാൻ ബഡ്ജറ്റ് അവതരിപ്പിക്കുമെന്നാണ്. വളരെ ലളിതമാണ്. ബഡ്ജറ്റ് അവതരിപ്പിക്കണമെങ്കിൽ, അവതരിപ്പിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ ഈ ഗവൺമെന്റ് താഴെവീഴുമെന്നാണ് ഭീഷണി.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ,താങ്കൾ മതമേലദ്ധ്യക്ഷന്മാരെ സംബന്ധിച്ചാണോ പറയുന്നത്?

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, മതമേലദ്ധ്യക്ഷന്മാരെ സംബന്ധിച്ചും സാമുദായിക നേതാക്കന്മാരെ സംബന്ധിച്ചുമാണ് ഞാൻ ഇവിടെ പറഞ്ഞത്. ഒരു കേസിൽ കുറ്റകൃത്യം നടന്നിട്ടുണ്ടോയെന്നുള്ളത് തീരുമാനിക്കാനുള്ള അവകാശം അവർക്കല്ല. അത് തീരുമാനിക്കാനുള്ള അവകാശം അന്വേഷണ

ഉദ്യോഗസ്ഥർക്കാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. പ്രതിപക്ഷത്തെ എം.എൽ.എ. മാർ നെഞ്ചിൽ കൈവച്ച് പറയൂ ആരാണ് അന്വേഷണം നടത്തേണ്ടത്; ആരാണ് തീരുമാനമെടുക്കേണ്ടത് ? ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ, ഇത്തരം ശക്തികളെ അനുവദിക്കാൻ പാടുണ്ടോയെന്ന് ഭരണകക്ഷിനേതാക്കന്മാർ പറയട്ടെ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മതമേലദ്ധ്യക്ഷന്മാരെ സഭയിൽനിന്നുകൊണ്ട് ആക്ഷേപിക്കുമ്പോൾ യാഥാർത്ഥ്യവുംകൂടി താങ്കൾ മനസ്സിലാക്കണം. അവർ ഉപയോഗിച്ച പദപ്രയോഗം ആരോപണവിധേയരായവർ കുറ്റക്കാരല്ല. ആരോപണങ്ങൾ തെളിയിച്ചാൽമാത്രമേ കുറ്റക്കാരാകുകയുള്ളൂ. അതിനകത്ത് എന്തെങ്കിലും തെറ്റുണ്ടോ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഇവിടെ അത്തരം സ്വഭാവ സർട്ടിഫിക്കറ്റുകൾ വാങ്ങിച്ചുവച്ചുകൊണ്ട് പ്രതിരോധം തീർക്കാനുള്ള ഒരു ശ്രമത്തിലാണ് ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി. ഞാൻ സഭയിൽവച്ച് മതമേലദ്ധ്യക്ഷന്മാരെ ആക്ഷേപിച്ചുവെന്ന മുഖ്യമന്ത്രിയുടെ പരാമർശം വളരെ ഖേദകരമാണ്. ഞാൻ അവരെ ആക്ഷേപിച്ചതല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് എന്താണ്? മതമേലദ്ധ്യക്ഷന്മാർ ഈ രീതിയിലുള്ള പ്രസ്താവനകൾ നടത്തുന്നത് ശരിയല്ലായെന്ന് പറയുമ്പോൾ അവർ പറഞ്ഞതിനെ വളച്ചൊടിച്ചുകൊണ്ടാണ് താങ്കൾ പറഞ്ഞത്.

അവർ പറഞ്ഞത് ആരോപണവിധേയരായവർ കുറ്റകാരാകുന്നില്ല എന്നാണ്. അവർ പറഞ്ഞത് ശരിയല്ലേ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, വളരെ വ്യക്തമാണ്. നിയമാനുസൃതമായി ഒരു അന്വേഷണം നടക്കുന്നിടത്ത് അന്വേഷണ ഉദ്യോഗസ്ഥന്മാർ കൺക്ലൂഷനിൽ എത്തിച്ചേരേണ്ടിടത്ത് ഇടപെടാൻ ഒരു ബാഹ്യശക്തികളെയും അനുവദിക്കാൻ പാടില്ല. ഇവിടെ ബാഹ്യശക്തികൾ പലതരത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ സംസ്ഥാനത്ത് വിവിധ മതക്കാരും ജാതിക്കാരുമുണ്ട്. ഉദാഹരണമായി ഒരു ഈഴവ സമുദായക്കാരന്റെ പേരിൽ ഒരു കേസ് വന്നാൽ എസ്.എൻ.ഡി.പി.യുടെ നേതൃത്വം ആ കേസിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ അഭിപ്രായം പറഞ്ഞ ചരിത്രം കേരളത്തിലുണ്ടായിട്ടുണ്ടോ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, അതുകൊണ്ട് തെറ്റായ കീഴ്വഴക്കങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഈ കേസിൽനിന്ന് രക്ഷപ്പെടാനുള്ള പരിശ്രമം അവസാനിപ്പിക്കണം. ഇത്തവണ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽനിന്നും ധനകാര്യ വകുപ്പുമന്ത്രി മാറിനിൽക്കണമെന്നാണ് കെ.പി.സി.സി.യുടെ വക്താവ് ഇന്നലെ പറഞ്ഞത്. അദ്ദേഹത്തിന്റെ വ്യക്തിപരമായൊരു അഭിപ്രായമായിരിക്കാം. പക്ഷേ വ്യക്തിപരമായി അദ്ദേഹം പറഞ്ഞത് ഒരു ശരാശരി കേരളീയന്റെ

വികാരമായി ഉൾക്കൊള്ളാൻ എന്താണ് ഭരണകക്ഷിക്കാർ തയ്യാറാകാത്തത്? ഇവിടെ ശ്രീ. വി. ശിവൻകുട്ടി വിജിലൻസ് കോടതിയിൽ കൊടുത്ത ഒരു കേസിനെ സ്വീകരിച്ചുകൊണ്ട് 27.43 കോടിരൂപയുടെ അഴിമതിയുടെ പേരിൽ **സി.എം.പി.** യായി വിജിലൻസ് കോടതി സ്വീകരിച്ചിരിക്കുകയാണ്. തെറ്റായ സന്ദേശമാണ് ഉദ്യോഗസ്ഥർക്ക് കൊടുക്കുന്നത്. മന്ത്രിമാർക്ക് കൈക്കൂലി വാങ്ങാമെങ്കിൽ എന്തുകൊണ്ട് ഞങ്ങൾക്ക് കൈക്കൂലി വാങ്ങിക്കൂടേ എന്ന് ഉദ്യോഗസ്ഥന്മാർ ചോദിക്കുന്നുവെങ്കിൽ അവരെ കുറ്റപ്പെടുത്താൻ പറ്റുമോ? കേരള സംസ്ഥാനത്തെ ഭരണസംവിധാനത്തെ മുഴുവൻ അഴിമതിയിലേയ്ക്ക് മുക്കിത്താഴ്ത്താൻവേണ്ടിയുള്ള.... അറിഞ്ഞോ അറിയാതെയോ നാം എല്ലാവരും കക്ഷിയാകുന്നത് അപകടകരമാണ്. നിയമവാഴ്ച അട്ടിമറിക്കപ്പെടാതിരിക്കാൻ വളരെ ഗൗരവമായി നാം കൂട്ടായി ആലോചിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ബാർ കോഴക്കേസിൽ എഫ്.ഐ.ആർ. സമർപ്പിച്ചതിനുശേഷവും ധനകാര്യ വകുപ്പുമന്ത്രി ആ സ്ഥാനത്ത് തുടർന്നുകൊണ്ട്

കേസന്വേഷണത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്നുവെന്നത് ഒരു സ്വാഭാവിക സംശയമാണ്. അധികാരത്തിലിരിക്കുന്നവർ കേസന്വേഷിക്കാൻ പ്രാപ്തിയുള്ളവരാണ് എന്നത് പൊതുജനം അംഗീകരിച്ച ഒരു സംഗതിയാണ്. അങ്ങനെയൊരു സംഗതിയുള്ളതുകൊണ്ടാണ് അദ്ദേഹം അധികാരത്തിൽ തുടരുന്നത് ശരിയല്ല എന്ന അഭിപ്രായപ്രകടനം ഞങ്ങൾ നടത്തിയത്. അതേസമയം എഫ്.ഐ.ആർ.-ൽ പ്രതിയായതിന്റെ പേരിൽ എം.എൽ.എ.യെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കാം, എഫ്.ഐ.ആർ.-ൽ പേര് വന്നതിന്റെ പേരിൽ മന്ത്രിക്ക് ആ നീതി ബാധകമല്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വിശദീകരിച്ചത് ക്വിക് വെരിഫിക്കേഷൻ നടത്തിയെന്നാണ്. അത് നല്ലതാണ്. ക്വിക് വെരിഫിക്കേഷന് 45 ദിവസമെടുത്തു. ശ്രീ. ജെയിംസ് മാത്യുവിന്റെ പേരിലുള്ള സാധാരണ അന്വേഷണത്തിന് 5 ദിവസവും, അതിൽത്തന്നെയൊരു വൈരുദ്ധ്യമില്ലേ; അപ്പോൾ ഏതാണ് ഫലപ്രദമായ അന്വേഷണ സംവിധാനം? അപ്പോൾ രണ്ടുതരം നീതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാകുന്നുണ്ടോയെന്ന ആശങ്കയാണ് ഇന്നത്തെ അടിയന്തര പ്രമേയത്തിനാധാരം. അങ്ങനെ രണ്ടുതരം നീതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ അത് നിയമവാഴ്ചയെ ബാധിക്കുമെന്നാണ് ഞങ്ങളുടെ ആക്ഷേപം. അങ്ങനെ നിയമവാഴ്ചയെ അലോസരപ്പെടുത്തുന്ന ഒരു സംഭവം നമ്മുടെ

സംസ്ഥാനത്തുണ്ടാകാൻ പാടില്ലായെന്ന സദുദ്ദേശത്തോടുകൂടിയാണ് പ്രതിപക്ഷം ഈ പ്രമേയം ഇവിടെ കൊണ്ടുവന്നത്. ആ നിയമവാഴ്ച ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള ഒരു ചർച്ച നടത്തി നിയമവാഴ്ച ഉറപ്പുവരുത്തുമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള ഒരു ചർച്ചയായിരുന്നു ആവശ്യം. അതിൽനിന്നും ഗവൺമെന്റ് ഒളിച്ചോടിയെന്നത് പരിതാപകരമാണ്. അതുപോലെതന്നെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പൊട്ടിത്തെറിച്ചു. എന്തിനാണ് അദ്ദേഹം ഇവിടെ പൊട്ടിത്തെറിച്ചത്? അതുപോലെതന്നെ ആഭ്യന്തര വകുപ്പുമന്ത്രിയും ഇവിടെ പൊട്ടിത്തെറിച്ചു. ഒളിച്ചുവയ്ക്കാനൊന്നുമില്ലെങ്കിൽ, കൈകൾ ശുദ്ധമാണെങ്കിൽ, കൃത്രിമമില്ലെങ്കിൽ, കളവില്ലെങ്കിൽ പക്വതയോടെയും ശാന്തതയോടെയും കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമായിരുന്നു. ബാലൻസ് തെറ്റിയെന്നത് തെളിയിക്കുന്നത് ഒളിച്ചുവയ്ക്കാനെന്തോയുണ്ട് എന്നുള്ളതാണ്. ഈ ഒളിച്ചുകളി അവസാനിപ്പിക്കേണ്ടത് സംശുദ്ധ രാഷ്ട്രീയത്തിന് ആവശ്യമാണെന്ന് മനസ്സിലാക്കി മന്ത്രിസഭയും യു.ഡി.എഫ്.-ഉം മാണി സാറിനെ പുറത്താക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും

അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)